
കുഞ്ഞോളങ്ങൾ

# ജി എച്ച് എസ് എസ് ശിവപുരം
# കരിയാത്തൻ കാവ്

# ഡിജിറ്റൽ മാഗസിൻ
# 2019-2020

# കുഞ്ഞോളങ്ങൾ

തയ്യാറാക്കിയത് ലിറ്റിൽ കൈറ്റ്സ്

# പിന്നണിയിൽ പ്രവർത്തിച്ചവർ

- അഭിനന്ദ് എം(എഡിറ്റർ)
- വൈഷ്ണവ് കെ(സബ് എഡിറ്റർ)
- ഷാദിൻ
- ദിയ
- അദീബ ഫൈസൽ
- ഉജ്ജ്വൽ ഷാജി
- അക്ഷജ്
- ആദിൽ അബൂബക്കർ



## താളുകളിലൂടെ............

അവൻ വന്നു......ചിതലരിച്ച കാലത്തിന്റെ ഏടുകൾ കൂട്ടിച്ചേർക്കാൻ.............6
കണ്ണേ മടങ്ങുക.............9
തിരിച്ചറിവ്.............10
നാണു നമ്പൂതിരി.............10
കുക്കുവും മീലിയും.............12
ആനയല്ലാത്തൊരാന.............13
കാലം നൽകിയ തിരിച്ചറിവുകൾ.............14
Science and technology.............18
കരിയിലയും മണ്ണാകട്ടയും.............20
ജോവാൻ ഓഫ് ആർക്ക്.............22
MOTHER.............22
എഡ്യൂകെയർ -ഏതാനും പ്രവർത്തനങ്ങൾ.............23
മീനുവിന്റെ ആഗ്രഹം.............24
The Rain.............27
പെൻസിലിൻ കണ്ടെത്തിയ കഥ.............28
ഇടുക്കിയുടെ മടിത്തട്ടിലേക്ക്.............29
IRA SINAGHAL.............32
STEPHEN WILLIAM HAWKING.............32
കടങ്കഥകൾ.............33
പദപ്രശ്നം.............34
ലിറ്റിൽ കൈറ്റ്.............36
ഗോപുവിന്റെ അമളി.............37
ജൈത്രയാത്ര.............38
ചാർലിയുടെ സന്ദേശം.............40
പട്ടോ പട്ടോ.............40
GK QUIZ.............41
Dream.............44
സ്നേഹകടൽ.............45
അടുത്തുള്ള അമ്മ.............47
ചിരിയുടെ തുടക്കം.............48
ചാണക്യതന്ത്രം.............49
പാചകപംക്തി.............50

പ്രശ്നോത്തരി.......................................................................................................................50
സ്കൂൾ കലാമേള.....................................................................................................................51
ശാസ്ത്രമേള...........................................................................................................................52
ഐസ്ക്രീമിന്റെ കഥ..................................................................................................................53
Flower.....................................................................................................................................54
The Old Man..........................................................................................................................55
പഴഞ്ചൊല്ലുകൾ.......................................................................................................................56
A SPRING...............................................................................................................................56
കാർഷികം.............................................................................................................................57
പാച്ചുവും ആച്ചുവും..................................................................................................................57
Smart work vs hard work stories............................................................................................58
A MERCHANT AND HIS DONKEY........................................................................................59
വാർത്തകൾ അറിവുകളാക്കാം..................................................................................................61
ലിറ്റിൽ കൈറ്റ് അംഗങ്ങൾ........................................................................................................64

# എഡിറ്റോറിയൽ

സർഗാത്മകപ്രകശനങ്ങൾക്ക് അതിരുകളില്ലെന്ന് പ്രഖ്യാപിച്ച ഇടമാണ് ഡിജിറ്റൽ എഴുത്തുലോകം. കഥയായും കവിതയായും കുറിപ്പുകളായും അച്ചടിക്ക് പുറത്തുള്ള പ്രകാശനസാധ്യതകളിലേക്കാണ് ഡിജിറ്റൽ യുഗം ജനാല തുറന്നിടുന്നത്. സോഷ്യൽ മീഡിയകളിൽ എഴുത്തിന്റെ ഉറവകൾ സമൃദ്ധമാവുന്നത്.

അങ്ങനെയാണ് എഴുത്തിന്റെ പുതുഇടങ്ങളിലേക്ക് കയറി നിൽക്കാനുള്ള ഞങ്ങളുടെ എളിയ ശ്രമമാണ് ഈ മാഗസിൻ. ഞങ്ങളുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ തന്നത് kite (kerala infastructur and tecnology for education) ന്റെ പരിശീലനമായിരുന്നു .അങ്ങനെ ഞങ്ങൾ എഴുതിത്തുടങ്ങി ...കഥകൾ, കവിതകൾ, ലേഖനങ്ങൾ , വിവരണങ്ങൾ ......... എല്ലാം, പരമ്പരാഗതമാഗസിൻ സങ്കൽപ്പത്തിൽ നിന്ന് മാറി ഡിജിറ്റൽ സ്പേസിൽ അണിയിച്ചൊരുക്കുകയായിരുന്നു .ഈ ഉദ്യമത്തിൽ തുണയായി കൂടെ നിന്ന കൂട്ടുകാർ ,അധ്യാപകർ..എല്ലാവരേയും
നന്ദിപൂർവ്വം ഓർത്തുകൊണ്ട് ഈ മാഗസിൻ സമർപ്പിക്കുന്നു

ഒത്തിരിസ്നേഹത്തോടെ ,

അഭിനന്ദ് എം
ചീഫ് എഡിറ്റർ

# അവൻ വന്നു......ചിതലരിച്ച കാലത്തിന്റെ ഏടുകൾ കൂട്ടിച്ചേർക്കാൻ......

സബ്ജില്ല കലാമേളയിൽ ഒന്നാം സ്ഥാനം നേടിയ കഥ

**കാലത്തെ പിടിച്ചുകെട്ടാൻ ആർക്കും സാധ്യമല്ലല്ലൊ . രാത്രിയുടെ യാമങ്ങൾ ഒന്നൊന്നായികൊഴിഞ്ഞു വീണു.പുലരിപ്പൂ ചിരിച്ചു. കിഴക്കൻഗിരിതടങ്ങളിൽ സൂര്യകിരണങ്ങൾ വെള്ളിക്കതിരുകൾ വിതറി. അവൻ പതിയെ കണ്ണു തുറന്നു. ഇപ്പൊ എവിടെ എന്നോ എന്തിനെന്നോ അവന് മനസിലായില്ല. പക്ഷെ എന്തോ പറ്റി എന്ന് മാത്രം അറിയാം.എന്റെ അപ്പനെവിടെ അമ്മയെവിടെ...........അവന് എന്തെന്നില്ലാത്ത നിരാശ..അവിടെയുള്ള ഒരു ഡോക്ടറോട് അവൻ അതെല്ലാം ചോദിച്ചറിഞ്ഞു. അതെ അതൊരു സെല്ലാണ്..ലഹരിയെന്ന നീരാളിയാൽ മരണം കാത്തുനിൽക്കുന്ന ജീവിത മെന്ന അനന്തസാഗരത്തെ സ്വപ്നം പോലും കാണാത്ത ഒരു കൂട്ടം പരിഭ്രാന്ത ജനതയുടെ മേൽ ജീവിതത്തിന്റെ ആശകളുടെ പൊൻ കതിർ വിതയ്ക്കുന്ന മാതാപിതാക്കളുടെയും ഗുരുനാഥൻമാരുടെയും കൂട്ടുകാരുടെയും ഏകവിശ്വാസം- സെൽ.....എന്തുകൊണ്ടോ അവനതൊരു ശവപ്പറമ്പായി തോന്നി. ഇതിന് മാത്രം ഞാൻ ചെയ്ത തെറ്റ് എന്തായിരിക്കും**

**അവൻ ഒരു നല്ല വിദ്യാർത്ഥിയായിരുന്നു. പഠിക്കാനാഗ്രഹിച്ച , പഠനം കൊണ്ട് നേടാൻ കഴിയാത്ത സ്വപ്നങ്ങൾ ഒന്നുമില്ലെന്ന് വിശ്വസിച്ച ഗുരുക്കൻ മാരുടെയും ഇഷ്ടപാത്രം**

**പക്ഷെ അവനെ ആരോ ചതിച്ചു. അല്ല ആരെല്ലാമോ ചേർന്ന് ചതിച്ചു. അങ്ങിനെ തന്നെ പറയാം . നാട്ടുകാരുടെയും വീട്ടുകാരുടെയും ഏകആശ്വാസം. പണത്തിന്റെ പേരിൽ അടിച്ചമർത്ത പ്പെടുമ്പോൾ**

**ഞങ്ങൾക്കവനുണ്ട് എന്ന് പറയാൻ കഴിഞ്ഞു. നിരക്ഷരർക്ക് ആത്മവിശ്വാസവും ആശ്വാസവും നൽകി അവനേവർക്കും പ്രിയനായി. പക്ഷെ ലഹരി കൊണ്ട് മായാജാലങ്ങൾ സൃഷ്ടിക്കുന്ന ചുവന്ന കണ്ണുള്ള ദുഷ്ടൻമാർക്ക് അവനൊരു ശത്രുവായിരുന്നു. സ്കൂളിൽ ഗ്രാമത്തിൽ കോളേജിൽ ലഹരിയുടെ തരി പോലും വീഴ്ത്താനനനുവദിക്കാതിരുന്നപ്പോൾ. ............അഗ്നിയിൽ നിന്ന് കുതിച്ചുയർന്ന ആ ഫീനിക്സ് പക്ഷിയെ അവർ കീഴക്കി. ലഹരിയെന്ന ആയുധം കൊണ്ട് കാലം കാത്തുനിൽക്കാതെ പ്രയാണം തുടർന്ന അവൻ അവസാനം കാലത്തിന്റെ മുന്നിൽ എന്നെന്നേക്കുമായി പരാജയപ്പെട്ടു. പക്ഷെ അവനിനിയും പറന്നുയരും എന്ന വിശ്വാസത്തിൽ അവന് വേണ്ടി പ്രാർത്ഥിക്കാൻ ആരൊക്കെയോ ഉണ്ടായിരുന്നു.**

***ആദ്യം മധുരമെന്ന് കരുതി മിഠായി പോലെ നുണഞ്ഞു. പിന്നെ അത് കയ്പായതവനറിഞ്ഞില്ല. ആ മധുരത്തിൻ പിന്നിൽ ഒരു കയ്പുണ്ടെന്ന് അവന്റെ മാതാപിതാക്കളോ ആ ഗ്രാമമോ അറിഞ്ഞില്ല***

**അവർ നിരന്തരം അവന് കത്തുകളയച്ചു .പക്ഷെ.....കാലത്തിന്റെ ഏടുകൾ താനേ മടങ്ങിയപ്പോൾ അതു നിവർത്താൻ അവന് കഴിഞ്ഞില്ല. കാലത്തിന്റെ ശക്തിക്കുമുന്നിൽ അവന് പിടിച്ചു നിൽകാൻ കഴിഞ്ഞില്ല .ചികിത്സച്ച ഡോക്ടർ മാർക്കും പരിചരിച്ച നഴ്സ്മാർക്കും സമൂഹവും ആ കാലവും വിധി എഴുതി ,ഇല്ല.....ഉയർത്തെഴുന്നേൽപ്പ് അസാധ്യം......അവനിനിയില്ല..**

**പക്ഷെ എഴുതപ്പെട്ട വിധിയുടെ അഴിഞ്ഞുപോയ നൂൽ കോർത്തുകെട്ടാൻ കാലത്തിന്റെ ഏടുപുസ്തകത്തിൽ വാക്കുകൾ കൂട്ടിയെഴുതാൻ അവൻ വന്നു.....നശിച്ചുപോയകാലത്തെ പഴിച്ച് ബാക്കി ജീവിതം കളയാനല്ല. ഇനിയൊരു ജന്മം അങ്ങനെ ആവാതിരിക്കാൻ.......... കൺമുന്നിൽ കിടന്ന് ആരും എരിതീയിൽ വെന്ത് കട്ടപിടിച്ച രക്തക്കഷണങ്ങൾ ഉരുകാതിരിക്കാൻ .......അത് കണ്ട് ശവം തീനികളായ ഒരു കൂട്ടം കഴുകൻമാരെന്ന് വിശേഷിപ്പിക്കപ്പെട്ട സമൂഹം ചിരിക്കാതിരിക്കാൻ .....**

**അവൻ അവന്റെ പ്രയാണം തുടർന്നു.**

***ജീവിതത്തിന്റെ യാത്രയിൽ പരാജയപ്പെടാതിരിക്കാൻ.........അവന്റെ ജീവിതലക്ഷ്യമതായിരുന്നു....വലിച്ചെറിഞ്ഞ പിഴച്ച ജന്മങ്ങളെ നന്നാക്കാൻ..........കാലത്തിന്റെ ഇരുമ്പഴികൾ പൊട്ടിച്ചവൻ വന്നു.***

*ഫാത്തിമ റിഷ്ന നിത്തു*




# കണ്ണേ മടങ്ങുക

(സബ്ജില്ല കലാമേളയിൽ ഒന്നാം സ്ഥാനം നേടിയ കവിത)

ചങ്ങലകളാൽ ബന്ധിതമായ വിലങ്ങുകളെ
പൊട്ടിച്ചെറിയണം...... നിറങ്ങളെ
സ്വന്തമാക്കണം.......നിലാവുള്ള രാത്രി
ചന്ദ്രനിലേക്കൊരു യാത്ര പോവണം
ഉയരാനായ് ചിറക് വിരിയുന്നതേയുള്ളൂ.....

യെന്തിനാ കയറിയേ ഉത്തരത്തിൽ
ഊഞ്ഞാലുകെട്ടാനോ......അല്ല
മാറാലയിൽ വസന്തം നെയ്തെടുക്കാനോ......അല്ല
പിന്നെ.....
കുഞ്ഞകുരുന്നിന് ജീവിതം മടുത്തത്രേ
കുന്നിക്കുരു പെറുക്കാനും മഞ്ചാടി നുള്ളാനുമേയറിയൂ
പിന്നെങ്ങിനെ ഇത് ഉത്തരത്തിൽകിടന്നാടി..........



നീതിപീഠം കണ്ണടച്ച ലോകത്ത് ഇനിയെന്തിന്
നീയും മടങ്ങുക മകളേ സുകൃതമാം ലോകത്തേക്ക്
നീതിയതാ.....പറക്കുന്നു ഇളം കാറ്റിൽ
നീയിന്നിതാ....കിടക്കുന്നു ആറടി മണ്ണിൽ
നീലനിലാവിന്റെ മടിത്തട്ടിൽ ഉറങ്ങുക
നീ രചിച്ച നിന്റെ കവിത നാളെയെങ്കിലും ലോകമറിയും

കഴുത്തിന് താഴേക്ക് വീണ കഴുകൻ
കണ്ണുകളെ കഠാരകൊണ്ട് വധിക്കാൻ ഇനിയും
താമസമെന്തിനാണ്.........രക്ഷകനായ് രക്ഷിതാവായ്
ഇനിയാരുണ്ട്.....പോയവർ പോയി.....
കണ്ണു തുറക്കാൻ ഭയമാകുന്ന കവിതയെഴുതാനും
കാണാൻ വയ്യെന്റെ കണ്ണേ നമുക്ക് മടങ്ങാം

മിൻഹ പി സി

# തിരിച്ചറിവ്

*മിനിക്കഥ*

*ഒരിക്കൽ ഒരാൾ കിണർ കുഴിക്കുകയായിരുന്നു.25 അടി താഴ്ചയിലെത്തിയിട്ടും അയാൾക്ക് വെള്ളംകിട്ടിയില്ല. അപ്പോൾ അതുവഴി പോയ ഒരാൾ പറഞ്ഞു."ഇവിടെ കുഴിച്ചാൽ വെള്ളം കിട്ടില്ല .ഇവിടെ കുഴിച്ചു നോക്കൂ ". അയാൾ കാണിച്ച സ്ഥലത്ത് അവൻ കുഴിക്കാൻ തുടങ്ങി . എന്നാൽ 30 അടി കുഴിച്ചിട്ടും അയാൾക്ക് വെള്ളം കിട്ടിയില്ല .അപ്പോൾ അതുവഴി പോയ മറ്റൊരാൾ വേറൊരു സ്ഥലം കാണിച്ചുകൊടുത്തു .അവിടെ കുഴിച്ചിട്ടും അയാൾക്ക് വെള്ളം കിട്ടിയില്ല .അയാൾ നിരാശനായി ഇരിക്കുമ്പോൾ അയാളുടെ ഭാര്യ അങ്ങോട്ട് വന്നു . അയാൾ നടന്ന സംഭവങ്ങൾ ഭാര്യയോട് പറഞ്ഞു .ഇതെല്ലാം കേട്ട ഭാര്യ ചിരിച്ചുകൊണ്ട് പറഞ്ഞു ."ഓരോരുത്തർ പറയുന്നതു കേട്ട് ഓരോന്ന് ചെയ്യാൻ നിന്നിട്ടല്ലേ.നിങ്ങൾ ആദ്യം കുഴിച്ചിടത്തുതന്നെ വീണ്ടും കുഴിച്ചിരുന്നെങ്കിൽ അധികം അധ്വാനിക്കാതെ വെള്ളം കിട്ടുമായിരുന്നു".ഇതു കേട്ട അയാൾ കുഴിച്ചിടത്തുതന്നെ വീണ്ടും കുഴിക്കുകയും വെള്ളം കിട്ടുകയും ചെയ്തു .*

*സഫ്‌വാൻ (9B)*

# നാണു നമ്പൂതിരി

മിനിക്കഥ

ഒരിക്കൽ നാണുനമ്പൂതിരി ഒരു വിവാഹത്തിന് വേണ്ടി പോയി . അന്ന് അവിടെ എല്ലാവരും ആഭരണങ്ങളെല്ലാം അണിഞ്ഞു തങ്ങളുടെ പത്രാസ് കാണിക്കാൻ വേണ്ടി വന്നു. അതു കണ്ട

നാണുനമ്പൂതിരി തന്റെ കുടുബസ്വത്തെല്ലാം ഒരു പെട്ടിയിലാക്കി തലയിലേറ്റി നടന്നു . അപ്പോൾ അതു വഴി വന്ന ഒരാൾ ചോദിച്ചു എന്തിനാണ് ഈ പെട്ടി തലയിലേറ്റി നടക്കുന്നത് . അപ്പോൾ നാണുനമ്പൂതിരി പറഞ്ഞു നിങ്ങളെല്ലാവരും നിങ്ങളുടെ പത്രാസ് കാണിക്കാൻ വേണ്ടി ആഭരണങ്ങളെല്ലാം അണിഞ്ഞു നടക്കുന്നു . എനിക്ക്

ആഭരണങ്ങളെല്ലാം അണിഞ്ഞു നടക്കുന്നത് ഇഷ്ടമല്ല . അതുകൊണ്ടാണ് ഞാൻ പെട്ടി തലയിലേറ്റി നടക്കുന്നത് . അവിടെ ഉണ്ടായിരുന്ന എല്ലാവരും

നാണിച്ച് പോയി.

**രചന : അമൻ മൂസ**



# കുക്കുവും മീലിയും

കുട്ടിക്കഥ

പഞ്ചമൻ മലയിലെ കിങ്ങിണിക്കാട്ടിൽ രണ്ടു ഉറ്റ ചങ്ങാതിമാർ ഉണ്ടായിരുന്നു. അവരാണ് കുക്കു അണ്ണാനും മീലി മുയലും.കിങ്ങിണാട്ടിലെ തേൻമാവിന്റെ ചുവട്ടിലായിരുന്നു അവർ താമസിച്ചുരുന്നത്.ഇവരുടെ സൗഹൃദം കാട്ടിലെങ്ങും പാട്ടായി .ഈ സൗഹൃദം കിട്ടു കുരങ്ങന് തീരെ പിടിച്ചില്ല .അങ്ങനെ ഒരു ദിവസം കുക്കു മീലിയോട് പറഞ്ഞു .''നമുക്ക് ഒളിച്ചു കളിച്ചാലോ."ഈ ആശയം മീലി മുയലിന് ഏറെ ഇഷ്ടപ്പെട്ടു.ഇവരുടെ ഈ കളിയും സൗഹൃദവും കിട്ടു കുരങ്ങന് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല.എങ്ങനെയെങ്കിലും ഇവരുടെ സൗഹൃദം ഇല്ലാതാക്കണം. എന്ന് കിട്ടു മനസ്സിൽ വിചാരിച്ചു . ഒരു ദിവസം കുക്കുവും മീലിയും ഒളിച്ചു കളിക്കുകയായിരുന്നു. കുക്കു മീലിയോട് പറഞ്ഞു. "ഞാൻ എണ്ണാം നീ പോയി ഒളിക്ക്."അങ്ങനെ കുക്കു തേന്മാവിൽ എണ്ണുകയും മീലി കാടിൻെറ വലത് ഭാഗത്ത് ഒളിക്കുകയും ചെയുതു.മീലി ഒളിച്ചിരുന്ന സമയത്ത് കിട്ടു കുരങ്ങൻ അതുവഴിവന്നു."മീലിക്കാടിൻെറ ഇടത് ഭാഗത്തണ് ഒളിച്ചിരിക്കുന്നതെന്ന് "എണ്ണിക്കഴിഞ്ഞ കുക്കുവിനോട് കിട്ടു കുരങ്ങൻ പറഞ്ഞു.കുക്കു പോയ സമയം നോക്കി കിട്ടു മീലിയുടെ അടുത്ത ചെന്ന് പറഞ്ഞു."മീലീ കുക്കു ഇങ്ങോട്ട് വരുന്നുണ്ട്."അതിനാൽ നമ്മൾക്ക് ഇവിടുന്ന് മാറാം.കിട്ടുവിൻെറ വാക്ക് കേട്ട് മീലി കുറ്റിക്കാട് കടന്ന് പോകുന്നു.അവർ നടന്ന് നടന്ന് മലഞ്ചെരുവിൽ എത്തി.അവിടുന്നു കിട്ടു മീലിയെ പുഴയിലേയ്ക്ക് തള്ളിയിടുന്നു.ഈ സമയം മീലിയെ തിരഞ്ഞ് കുക്കു അവിടെ എത്തുന്നു.അപ്പോൾ കിട്ടു കുക്കുവിനോട് പറഞ്ഞു."മീലി നിന്നെക്കൂട്ടാതെ പുഴയിൽ കളിക്കുകയാണ്."കുക്കുവിന് ദേഷ്യം പിടിച്ചു.നാം ഒളിച്ചു കളിക്കുകയായിരുന്നല്ലോ പിന്നെ എന്തിനാണ് ഇവിടെ വന്നത് വരുമ്പോൾ എന്നോട് ഒരു വാക്ക് പറയാമായിരുന്നല്ലോ.മീലി ഒന്നും മിണ്ടാ തലതാഴ്ത്തിനിന്നു.ദുഃഖിതയായ മീലി സാമ്പു കരടിയുടെ അടുത്ത് പോയി നടന്ന സംഭവമെല്ലാം പറഞ്ഞു.സാമ്പു കരടിയ്ക്ക് സംഭവം

മനസ്സിലായി.“ഇത് കിട്ടു കുരങ്ങൻെറ പ്രവൃത്തിയാണ് കുക്കുവിനെ കണ്ട് ഞാൻ കാര്യം പറയാം ” സാമ്പു കരടി മീലിയെ സമാധാനിപ്പിച്ചു.സാമ്പു കരടി കുക്കുവിനെ കണ്ട് കാര്യം പറഞ്ഞപ്പോൾ ഒന്നും പറയാനാവാതെ കുക്കുവിൻെറ വാക്കുകൾ ഇടറി.സാമ്പു കരടി കിട്ടുവിനെ ഒരു പാഠം പടിപ്പിക്കയും,കിങ്ങിണിക്കാട്ടിൽ നിന്ന് പുറത്താക്കുകയും ചെയ്തു.പിന്നെ കുക്കുവും മീലിയും സന്തോഷത്തോടെ കഴിഞ്ഞു.

Adeeba faisal

# ആനയല്ലാത്തൊരാന

*കുട്ടിക്കവിത*

പേരിതുകേട്ടാൽ ആന
പേരിന്നൊട്ടുവിൽ ആന
അല്ലേയല്ലിത് ആന
ചൊല്ലിൽമാത്രം ആന
ഓണം വന്നാൽ ഇതുവേണം
ഉപ്പേരിക്കായ് ഇതുവേണം
വാഴക്കുലയിൽ ഇതുകാണാം
ആഹാ ,മൂത്ത ബനാന

ABHINAND M

# കാലം നൽകിയ തിരിച്ചറിവുകൾ

കഥ

രാജസ്ഥാനിലെ ഒരു ചെറു ഗ്രാമത്തിലാണ് ലക്ഷ്മി ജനിച്ചത് അവളുടെ അച്ഛനും അമ്മയും രാപകൽ ഇല്ലതെ
കഷ്ടപ്പെട്ട് ജോലി ചെയ്ത് ആണ് അവളെ പഠിപ്പിക്കുന്നത് ലക്ഷ്മി നല്ല ഭംഗിയുള ഒരു കുട്ടിയാണ്
അവളുടെ ഭംഗിയെ വർണിക്കാത്ത അരുമുണ്ടായിരുന്നില്ല ആ നാട്ടിൽ. പക്ഷേ അവളുടെ അച്ചനും
അമ്മയും കറുത്ത വർഗക്കാരായിരുന്നു .
നാട്ടിലെ ചില വിമർശകർ അവരുടെ കുടുംബത്തെ പരിഹസിച്ചു കൊണ്ടേയിരുന്നു . അവരുടെ പരിഹാസം തീർത്തും
തെറ്റാണ് എന്ന് പറയാൻ സാധിക്കുമായിരുന്നില്ല . കാരണം കറുത്ത വർഗക്കാരായ ഒരച്ഛനും അമ്മയ്ക്കും വെളുത്ത
വർഗക്കാരിയായ ഒരു കുട്ടി ഉണ്ടാവില്ല. പലരും ആദ്യം മുതലേ ചോദ്യം ചെയ്തു കൊണ്ടിരുന്നു
. പക്ഷെ കാലം പിന്നിടുന്നതിന്
അനുസരിച്ച് എല്ലാവരും ഈ കാര്യം വിലയിരുത്താൻ ആരംഭിച്ചു . ലക്ഷ്മി വളർന്നപ്പോൾ അവളുടെ മനസ്സിലും ഈ
സംശയങ്ങൾ മുളച്ചു തുടങ്ങി . പക്ഷെ അച്ഛനോടും അമ്മയോടും നേരിട്ട് ചോദിക്കാനുള്ള ധൈര്യം അവൾക്ക്
ഉണ്ടായിരുന്നില്ല . ഈ പ്രശ്നം രൂക്ഷമായപ്പോൾ അവൾക്ക് അത് വളരെ അസഹനീയമായി തോന്നി
.

അങ്ങനെയിരിക്കെ ഒരു ദിവസം അവൾ സ്കൂളിലേക്ക് പോവുന്നതിനിടയിൽ അങ്ങാടിയിലെ ചായക്കടയിൽ
നിന്നും അവളെക്കുറിച്ച് സംസാരിക്കുന്നതായി അവൾക്ക് തോന്നി . അവൾ പതിയെ ചായക്കടയുടെ
അടുത്തേക്ക് ചെന്നു .

എന്നിട്ട് അവർ സംസാരിക്കുന്നത് ശ്രദ്ധിക്കാൻ ശ്രമിച്ചു . അവർ പറഞ്ഞു . " ലക്ഷമി ഒരിക്കലും ഗോപാലന്റെ മകളല്ല .
അവളാരുടെ സന്തതിയാണെന്ന് അവളുടെ അമ്മയ്ക്ക് പോലും അറിവുണ്ടായിരിക്കില്ല . കാരണം അവർ ഒരു വേശ്യയായിരുന്നില്ലേ". ഇത് കേട്ടതോടെ ലക്ഷ്മി തന്റെ സർവ്വ ശബ്ദവും പുറത്തെടുത്തുകൊണ്ട് " അല്ല " എന്നലറി.
എന്നിട്ടവൾ വീട്ടിലേക്കോടി .

വീട്ടിലേക്ക് കരഞ്ഞു കൊണ്ട് വരുന്ന ലക്ഷ്മിയെ കണ്ട് അമ്മ , " എന്താ മോളേ , എന്തു പറ്റി ?. " എന്ന് വെപ്രാളത്തോടെ ചോദിച്ചു . അതൊന്നും തന്നെ കേൾക്കാനുള്ള ക്ഷമ അവൾക്ക് ഉണ്ടായിരുന്നില്ല . അവൾ " അച്ഛനെവിടെ " എന്ന് അക്രോശിച്ചു .
അച്ഛൻ പറമ്പിലുണ്ടെന്ന് അമ്മ മറുപടി പറഞ്ഞു . അച്ഛൻ ബഹളം കേട്ട് ഓടി വന്നിട്ട് " എന്താ മോളേ " എന്ന് ചോദിച്ചു .
" ഞാൻ നിങ്ങളുടെ മകളല്ലേ? ഞാൻ പിഴച്ചുണ്ടായ കുഞ്ഞാണോ? ഞാനാരാ? " എന്നിങ്ങനെ ഒരുപാട് ചോദ്യങ്ങൾ ഒറ്റ
ശ്വാസത്തിൽ അവൾ ചോദിച്ചു . ഇതു കേട്ട് അച്ഛനും അമ്മയും സ്തംഭിച്ച നിന്ന് പോയി . അച്ഛൻ പതുക്കെ പതറിക്കൊണ്ട് പറഞ്ഞു : " അതെ മോളെ ഈ നാട്ടുകാർ പറയുന്നത് ശരിയാണ്. നീ ഞങ്ങളുടെ മകളല്ല . ഒരു അമ്പലനടയിൽ നിന്നും
കിട്ടിയതാണ് നിന്നെ ഞങ്ങൾക്ക്. വേണ്ടാന്ന് വെക്കാൻ തോന്നിയില്ല . അതു കൊണ്ടാണ് മോളെ നിന്നെ ഞങ്ങൾ
എടുത്ത് വളർത്താൻ തീരുമാനിച്ചത്.

ഇതെല്ലാം കേട്ട് പൊട്ടി കരഞ്ഞു കൊണ്ട് അവൾ പറഞ്ഞു:" അച്ഛനും അമ്മയും എന്നോട് ക്ഷമിക്കണം
എനിക്ക് മാപ്പ് നൽകണം." " മോളേ നീയല്ല ഞങ്ങളാണ് നിന്നോട് ക്ഷമ ചോദിക്കേണ്ടത് കാരണം നീ ഏതോ
സമ്പന്ന കുടുംബത്തിലെ കുഞ്ഞാണ്. ഈ സത്യം നീ കുറച്ച വളർന്നു കഴിഞ്ഞ് നിന്നോട് പറയാമെന്ന് തീരുമാനിച്ചതായിരുന്നു. എന്നു പറഞ്ഞു കൊണ്ട് അച്ഛൻ
പൊട്ടിക്കരഞ്ഞു . അപ്പോൾ ലക്ഷ്മി പറഞ്ഞു . " അച്ഛാ നാം കാലത്തിന്റെ ഒഴുക്കിനോടൊപ്പം നീന്തിയെത്തേണ്ടതുണ്ട്.. അതുകൊണ്ട് ആ ഒഴുക്കിനെ നമ്മളായിട്ട് തടയണ്ട .
അതുകൊണ്ട് ഇതുവരെ നിങ്ങൾ എന്റെ ആരായിരുന്നോ ഇനിയും അങ്ങനെ തന്നെ ആയിരിക്കും . നിങ്ങൾ രണ്ടു പേരും
ആണ് എനിക്ക് ജീവൻ നൽകിയത്. അതുകൊണ്ട് നിങ്ങൾ എന്റെ അച്ചനും അമ്മയും അല്ല എന്ന് ആർക്കും പറയാൻ
സാധിക്കില്ല . അതിന് ഇനി ഞാൻ സമ്മതിക്കുകയുമില്ല .

അങ്ങനെ അന്ന് മുതൽ അവർ പുതിയ ജീവിതം തുടങ്ങി .






മരം ഒരു
വരം

ഫഹീം


എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയ
1.ടി.എം. സബീല, 2. ഫിസാൻ മുഹമ്മദ്, 3. അഫീഫ ഹിദ, 4. യു. അജ്മൽ, 5. ബി.ആർ. അഭിനവ്, 6. സി.എൻ. അനി
7. എൻ. സനിക, 8. അദിൻ മിൻഹാജ്, 9. ചന്ദന രമേശ്. (എല്ലാവരും കരിയാത്തൻകാവ് ശിവപുരം ഗവ. ഹയർസെ
ക്കൻഡറി സ്കൂൾ)

# Science and technology

*The life of everyone of as highly depend on the scintific invention and modern technology has changed the lives of people to a great extent.it has made life easy,simple,and fast.modern gadgets have been introduced to every walk of the life and solved almost all the problems.what improvement we are seeing in our life is because of the science and tecology.*


*Science and technology include a wide range of topics such as space science technology,bio technology,nano technology,defence technology,information technology etc .*

*In the present world,if we think any sort devolopment,then the presence of science and technology and then used technology to devolop science,because of this reason science and technology are integrated terms in todays world.science is a systematic way which involves observation and experimentation in order to get knowledge and improve skill.whereas technology is the practical application of science which helps in improving the quality of life.*

*Science had made our lives easier and technology made our works faster as well.we can see the magic of science and tehnology where ever we go.without science we cannot think to run our daily activities.we get help from different gifts of science in our work.*

*Science and technology have become a part of human life.but sometime people misuse the science and inventions and that harms the society . Science and technology can be a friend for us if we use it for the bebefit of the society or devolopment of people*

*RIFA JAZWA (9C)*



# കരിയിലയും മണ്ണാകട്ടയും

കുട്ടിക്കഥ

ഒരിക്കൽ ഒരിടത്ത് കരിയിലയും മണ്ണാക
ട്ടയും ജീവിച്ചിരുന്നു. വർഷകാലം വരാ
റാകുമ്പോൾ അവർ 2 പേരും മറ്റൊരു സ്
ഥലത്തേക്ക് യാത്രപോകാൻ തീരുമാനി
ച്ചു. അങ്ങനെ അവർ യാത്ര പുറപെട്ടു അ
ങ്ങനെ ഒരു നിമിഷം ഇടിമിന്നലോടു കൂടി
യ പേമാരി പെയ്യാൻ തുടങ്ങി. പെട്ടെന്നൊ
രു കാറ്റ് വീശി. കരിയില പറക്കാൻ ശ്ര
മിച്ചപ്പോൾ മണ്ണാകട്ട കരിയിലയുടെ മുക
ളിൽ കയറിയിരുന്നു. പിന്നീട് കാറ്റ് നി
ശ്ചലമായപ്പോൾ അവർ മുന്നോട്ട്നടന്നു.
പിന്നീട് മഴ തോരാതെ പെയ്തപ്പോൾ
കരിയിലയാണ് മണ്ണാകട്ടയെ മഴകൊള്ളാ
തെ സംരക്ഷിച്ചത്. പിന്നീട് അവർ മുന്നോട്ട് നടക്കാൻ തുടങ്ങി.
അവർ രക്ഷ
പ്പെട്ടെന്ന് കരുതുന്നു. പക്ഷെ ഇടിമിന്നലോടു
കൂടിയ മഴ പെയ്തു. കാറ്റും വന്നു.കരിയില
പറന്നു പോവുകയും മണ്ണാകട്ട അലിഞ്ഞു

പോവുകയും ചെയ്യു.





QUIT SMOKING



ALCOHOL CAUSE

CANCER



# ജോവാൻ ഓഫ് ആർക്ക്

ഫ്രാൻസിലെ ധീരവനിത ജവാൻ ഓഫ് ആർക്ക് 1412 ൽ ജനിച്ചു .കിഴക്കൻ ഫ്രാൻസിലെ ഒരു കർഷകകുടുബത്തിലായിരുന്നു ജനനം. ദൈവത്തിൽനിന്ന് സന്ദേശങ്ങൾ ലഭിക്കാറുണ്ടെന്ന് അവകാശപ്പെട്ടിരുന്ന ജവാൻ അതനുസരിച്ച് ഫ്രഞ്ച് സൈന്യത്തെ നയിക്കുവാൻ തയ്യാറായി . സൈന്യത്തിൽചേർന്ന ജവാന്റെ  യുദ്ധസാമർത്ഥ്യം അപാരമായിരുന്നു .നിരവധി യുദ്ധങ്ങളിൽ അവർ വിജയം വരിച്ചു. നൂറ്റാണ്ട് യുദ്ധത്തിൽ ജവാൻ നേടിയ വിജയങ്ങളാണ് ചാൾസ് ഏഴാമന്റെ കിരീടധാരണത്തിലേക്ക് നയിച്ചത്.യുദ്ധഭൂമിയിൽ ശത്രുക്കളുടെ  പേടിസ്വപ്നമായിരുന്ന ജവാൻ ഓഫ് ആർക്കിനെ ഒടുവിൽ ബർകണ്ടിയൻമാർ തടവിൽ  പിടിച്ചു. അവർ ജവാനെ ഇംഗ്ലീഷുകാർക്ക് കൈമാറി.  ഇംഗ്ലണ്ടിലെ ഒരു മതകോടതി ജവാൻ ഓഫ് ആർക്കിനെ വിചാരണചെയ്തു വധശിക്ഷക്ക് വിധിച്ചു. 1431 മെയ്30 ന് ജവാൻ ഓഫ് ആർക്കിനെ ചുട്ടു കൊന്നു. ശിക്ഷാവിധി കഴിഞ്ഞ് 25 കൊല്ലത്തിനു ശേഷം പോപ്  പഴയ വിചാരണ പുനഃപരിശോധിച്ച് ജവാന്റെ നിരപരാതിത്വം  വെളിപ്പെടുത്തി. തുടർന്ന് ജവാനെ രക്തസാക്ഷിയായി *പ്രഖ്യാപിച്ചു 1920 ൽ സഭ വിശുദ്ധയാക്കി ഫ്രാൻസിലെ  ഉന്നതരായ പുണ്യവാളൻമാരുടെ നിരയിലേക്ക് ഉയർത്തി.*

*അനുദേവ്*

## MOTHER

Poem

WELL,SON,I'll tell you;
Life for me aren't been no
crystal stair.
It's had tracks in it .
And splinters,
And boards torn up'
And places with no carpet
on the floor bare



but all the time

# എഡ്യൂകെയർ -ഏതാനും പ്രവർത്തനങ്ങൾ



# മീനുവിന്റെ ആഗ്രഹം

കുട്ടിക്കഥ

മഞ്ചാടി മനയ്ക്കലെ ഒരു സുന്ദര ഗ്രാമത്തിൽ മീനുവും അവളുടെ കുടുംബവും താമസിച്ചിരുന്നു.അവർ സന്തോഷത്തോടയായിരുന്ന അവരുടെ കുടുംബ ജീവിതം നയിച്ചു കൊണ്ടു പോയിരുന്നത്. മീനുവിന് അവളുടെ അമ്മയേക്കാൾ കൂടുതൽ പ്രിയം അച്ഛനോടായിരുന്നു.അവളുടെ ഏതൊരാഗ്രഹവും അച്ഛൻ ഇതുവരെ സാധിച്ചുകൊടുക്കാതിരുന്നിട്ടില്ല.അങ്ങനെയിരിക്കെ ഒരു ദിവസം അവൾ അച്ഛനോട് ഒരു  ആവശ്യം ഗൗവ പൂർവം ചൊല്ലി എന്താണ് ആവശ്യമെന്നു വെച്ചാൽ അവൾക്ക് ആകാശത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രത്തെ വേണമെന്നായിരുന്നു.ഈ ആവിശ്യം കേട്ടയുടനെതന്നെ അച്ഛൻ ആദ്യമൊന്ന് ചിരിച്ചുവെങ്കിലും എന്നിട്ട് അച്ഛനൊന്നൽപ്പം ആലോചിച്ചു.മീനുവിപ്പോൾ 5 വയസ്സ് പ്രായമേയുള്ളൂ

ഞാൻ അവളെ ഇതിനെ കുറച്ച് എങ്ങനെ പറഞ്ഞു മനസ്സിലാക്കും മീനു ഓരോ ദിവസം കഴിയും തോറും ആ നക്ഷത്രങ്ങളെ നോക്കി എന്റെ നക്ഷത്രം എന്റെ മിന്നാമിന്നി എന്ന നാമം


തുടർന്നുകൊണ്ടേയിരുന്നു.അങ്ങനെയൊരിക്കൽ അച്ചൻ


മീനുവിനെ തന്റെയടുത്തേക്ക് വിളിച്ചു .എന്നിട്ട്

സമാധാനപൂർവ്വം പറഞ്ഞുകൊടുത്തു ."മോളേ മീനു' നിൻെറ എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തരുന്ന ഈ അച്ഛന് എന്റെ കുഞ്ഞിന്റെ ഈ ആഗ്രഹം ഒരിക്കലും സാധിച്ചുതരാൻ കഴിയില്ല .മീനു ഒന്നും മിണ്ടാതെ അച്ഛന്റെ മുഖത്തേക്ക് തന്നെ  നോക്കി നിന്നു . അച്ഛൻ മീനുവിനെ തലോടിക്കൊണ്ട് പറഞ്ഞു മോളെ നീ കൊതിക്കുന്ന നക്ഷത്രങ്ങൾ ദൈവത്തിൻെറ സൃഷ്ടികളാണ്.അതിനെ കൈയിലെടുക്കാൻ നമുക്കാവകാശവും ഇല്ല.അത് ദൈവത്തിൻെറ മാത്രം സൃഷ്ടികളാണ് എന്ന കാര്യം എൻെറ കുഞ്ഞ് മനസ്സിലാക്കണം 5 വയസ്സ് പ്രായമേ മീനുവിനായിട്ടുള്ളൂ വെങ്കിലും അച്ചൻ പറഞ്ഞ കാര്യങ്ങളിൽ

എന്തൊക്കെയോ സത്യങ്ങളുണ്ടെന്ന് മനസ്സിലായി,മീന അച്ഛനെ നോക്കി ഒന്ന് പുഞ്ചിരിച്ചു

Sana faisal *9b*





# The Rain

Poem

All iretured from my work place
cool drops kissed my parched face.
Soon the first showers caughts me
un awares
and soaked me soothing my frayed
nerves
the day long heat and fatigue from my visage
the dusty trees stood bathed in an instant
dressed in wached green looked magnificant
to thank the rain god
i looked up in the sky
more drops drenched me on the sky
marvelling at this wonderful gifts of
nature
i hurried home walking through the gurgling
water

Rishal

# പെൻസിലിൻ കണ്ടെത്തിയ കഥ

ശാസ്ത്രകഥ

ശാസ്ത്രത്തിലെ പല കണ്ടെത്തലുകളും യാദൃച്ഛികമായ് സംഭവിച്ചതാണ് . 1928 ൽ ബാക്ടീരിയകൾ കൾച്ചർ ചെയ്തത് പരീക്ഷണം നടത്തുകയായിരുന്നു, അലക്സാണ്ടർ ഫ്ളെമിംഗ് എന്ന ശാസ്ത്രജ്ഞൻ .സ്റ്റാഫിലോകോക്കസ് എന്നയിനം ബാക്ടീരിയകളെ വലർത്തിയിരുന്ന പെടീഡിഷുകളൊന്നിൽ പ്രത്യേകയിനം കുമിളകൾ വളർന്നതായികണ്ടു കുമിളുകൾ വളർന്ന ഭാഗത്ത് ബാക്ടീരിയകൾ നശിച്ചു പോയിരുന്നു. ചില രാസവസ്തുക്കൾ കുമിളുകൾ ഉൽപ്പാദിപ്പിക്കുന്നു എന്ന് അദ്ദേഹത്തിന്
വ്യക്തമായി. ഈ കുമിൾ പെൻസിലിയം നൊട്ടാറ്റം ആണെന്ന് വിദഗ്ധസഹായത്തോടെ തിരിച്ചറിഞ്ഞു. അത് പുറത്തുവിടുന്ന വസ്തുവിനെ (പെൻസിലിൻ) വേർതിരിച്ചെടുക്കാനും ആവശ്യഅളവിൽ ഉൽപ്പാദിപ്പിക്കാൻ കുറെ കാലംവേണ്ടിവന്നു 1942 ലാണ് മനുഷ്യരിൽ വിജയകരമാണെന്ന് തെളിഞ്ഞത് രണ്ടാം ലോകമഹായുദ്ധകാലത്ത് പെൻസിലിന്റെ ഉപയോഗം വ്യാപകമായി. തുടർന്ന് നിരവധി പുതിയ ആന്റിബയോട്ടിക്കുകൾ കണ്ടുപിടിക്കപ്പെട്ടു.

അഭിനവ് എം

# ഇടുക്കിയുടെ മടിത്തട്ടിലേക്ക്......

യാത്രവിവരണം

ഓരോ ദിവസവും മഴ കൂടി വരുമ്പോ എന്തുനല്ല മഴ എന്നു പറയുന്നതിനു പകരം മഴയെ ശപിച്ച് ദിനങ്ങൾ എണ്ണിനീക്കി കൊണ്ടിരുന്നു. രണ്ടു തവണയും നിരാശയായി പക്ഷേ പരീക്ഷാ പേടിയെപോലും മാറ്റി നിർത്തി ആ ദിവസം വന്നു കുടാതെ തണുത്തമലകളോട് പൊരുതാൻ....... ഇടുക്കിയിലേക്കാണെന്ന് കുടിക്കേട്ടപ്പോൾ ഞാൻതികച്ചും ആകാംക്ഷയോടുകൂടി കാത്തിരിക്കുകയായിരുന്നു.

അങ്ങനെ നിലാവുള്ള ആ രാത്രിയിൽ ഞങ്ങൾ യാത്രതിരിച്ചു.... ഇടുക്കിയുടെ മടിത്തട്ടിലേക്ക്... കാറ്റിന്റെ കുളിര് തേടി....2019-20 വർഷത്തെ പത്താം ക്ലാസ് കുട്ടികളുടെ പഠനയാത്ര ! രാത്രിയിൽ ഏറെ നേരം ഉറങ്ങാതെ പാട്ടും ഡാൻസുമായി സമയം പോക്കി. ശരിക്ക് സുഖമായി ഇരിക്കാൻ പോലും കഴിയില്ലെന്നു പറഞ്ഞിട്ടും ഒത്തൊരുമയുടെ പേരിൽ ആരെയും പുറന്തള്ളാതെ കൂടെ കൂട്ടി യാത്രതുടങ്ങിയപ്പോൾ ഒരു ഐക്യബോധം തോന്നി. എല്ലാവരും കളിച്ചപ്പോൾ ഞാൻ ഉറങ്ങിയതായിരുന്നു എന്നതായിരുന്നു സത്യം. യാത്രതിരിച്ചു വന്നപ്പോഴും ഏറ്റവും കൂടുതൽ ഉറങ്ങി-ത് ഞാനെന്നു പറഞ്ഞു കൂട്ടുക്കാർ കളിയാക്കി.

ഇടക്കൊന്ന് പെട്രോൾ പമ്പിൽ നിർത്തിയെന്നല്ലാതെ യാത്ര non stop ആയിരുന്നു. പിറ്റേന്ന് രാവിലെ ഇടുക്കിയിൽ എത്തിയപ്പോയാണ് കണ്ണ്തുറന്നത് .ഹോട്ടൽ മുറിയിൽ പോയി പ്രഭാതകർമങ്ങൾ ചെയ്ത് യാത്രയുടെ ആദ്യഘട്ട-

ത്തിലേക്ക്തിരിച്ചു. ആദ്യം തന്നെ പോയത് ഒരു വന്യജീ വി സങ്കേതത്തിലേക്ക് തിരിച്ച കടുവയെ കാണാനാണെ-
ങ്കിലും മാനിനെ കണ്ട് സംതൃപ്തയായി.ശരിക്കും ആദ്യത്തെ ബോട്ടിംങ് കുറച്ച് ബോറടി ഉളവാക്കി .സാവധാനമുള്ള ജല യാത്ര അത്ര രസമുള്ളതായിരുന്നില്ല. നദിയുടെ മധ്യത്തിൽ ഉണങ്ങിയ മരകൊമ്പിൽ ഇരുന്ന പക്ഷികൾ അതി മനോഹ രമായിരുന്നു.



. മുന്തിരിതോപ്പിലും ഒരു പാറയിലുമെ-
ക്കെപ്പോയി. രാമക്കൽമേടും കാറ്റാടി പാടവും എല്ലാം വളരെ ആസ്വദിച്ചു. അവിടെ ഉള്ള ഒരു ഫോറസ്റ്റ് ഓഫീസർ ആഫ്രിക്കൻ ആനകളെ കുറിച്ചും,അവിടെ ഉള്ളവരെ പറ്റിയും,പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെകുറുച്ചും വാചാലായ്. നിരന്തരം എല്ലാ നിർദേശങ്ങളും ലംഘിക്കുന്നവരായിട്ടും ആരും തന്നെ ഉണ്ടായിരുനില്ല. പിന്നീട് പോയ രാമകൽ മേട് കാറ്റാടി പാടത്തും നല്ല കാറ്റുള്ള മാസങ്ങളിൽ പോയാൽ അവിടെ നിൽക്കാൻ പോലും കഴിയില്ലെന്ന പ്രജീഷേട്ടൻ പറഞ്ഞപ്പോൾ ഇനിയും അങ്ങോട്ട്
തന്നെ പോകണം എന്ന് കൊതിച്ചു.ഏറ്റവും നല്ല അനുഭവം പിറ്റേന്നത്തെ ട്രക്കിങ് ആയിരുന്നു.കാറ്റാടിപ്പാടത്ത് നിന്നും വലിയ ആ പാറയിലേക്കുള്ള യാത്ര ആരംഭിച്ചു. ജീപ്പിലായിരുന്നയാത്ര.വളരെവേഗത്തിൽ യാതൊരു പേടിയുമില്ലാതെ ഡ്രൈവർ ഓരോ പാറയുടെയും ഇടയിലൂടെയും മറ്റും പോകുമ്പോൾ പേടിയല്ല മറിച്ച് അദ്ദേഹത്തെ കണ്ട് അത്ഭുതപ്പെടുകയാണ് ചെയ്തത്. ഞാൻ മുമ്പിലായിരുന്ന ഇരുന്നത്.ലിംനടീച്ചറായിരുന്ന ഞങ്ങളുടെ ഗ്രൂപ്പ് ക്യാപ്റ്റൻ.ഈ യാത്രയിലുടനീളം യാതൊരു വിലക്കുകളും ഉണ്ടായിരുന്നില്ല.teachers നൊക്കാൾ കുട്ടികളും കുട്ടികളെക്കാൾ teachers പരസ്പരം അടിത്തിടപഴകി.കൂടാതെ കുറവൻ-കുറത്തിമലയിലും പോയി അവിടെത്തെ വലിയ ശിൽപം കണ്ടപ്പോൾ ഒരോരുത്തരായി ഡാമിനെക്കുറിച്ചും കുറവനെയും കുറത്തിയെയും എല്ലാത്തിനെക്കുറിച്ചും പറഞ്ഞ് തുടങ്ങി.അവിടെ തന്നെ ഒരി വേഴാമ്പലിൻെറ ആകൃതിയുള്ള ഗോപുരം പോലെയുള്ള ഒരു കെട്ടിടവും ഉണ്ടായിരുന്നു.അവിടെ നിന്നും ഇറങ്ങി നേരെ പോയത് തികച്ചും അവിസ്മരണീയമായ ഒരിടത്തേക്കാണ് ഈ യാത്രയിൽ ഞാനേറെ കൊതിച്ച മനസ്സ് കൊണ്ട് ആഗ്രഹിച്ചിരുന്ന ഒരിടം.കാറ്റ്മൂളുന്ന ഇളം മുളകൾക്കിടയിലൂടെ കൊച്ചു വർത്തമാനം പറഞ്ഞ് ഒരു സ്കൂൾ വിദ്യാർത്ഥികൾ

നിയന്ത്രണമില്ലാതെ ആട്ടിൻപ്പറ്റത്തെപ്പോലെ ലക്ഷ്യസ്ഥാനത്തേക്ക് നീങ്ങി.മരങ്ങളും വള്ളികളും നീരുറവുകളും കാനാന്തരീക്ഷവും അവിടേക്ക് ആകർഷിക്കാൻ പ്രേരിതയാക്കി.അതിമനോഹരമായ പ്രദേശം അല്ല കാട് അവിടെനിന്നും പാറക്കൂട്ടങ്ങൾക്കിടയിൽ നിന്നും മുകളിലേക്കുർന്ന് കയറിയപ്പോൾ ദാഹം അനുഭവപ്പെട്ടെങ്കിലും പിന്നെ പതിയെ യാത്ര യുടെ ആനന്ദത്തിനിടയിൽ,ദാഹത്തെ മറന്നു പോയി.ആത്മഹത്യ point അതിനേക്കാൾ ഉയരവും താണ്ടി ഞങ്ങൾ വളരെ ഉയരത്തിൽ പോയി.വേഗത്തിൽ ഓടിക്കയറുമ്പോൾ ഒരോരുത്തരെയും പിറകിലാക്കുമ്പോൾ മനസ്സിന് വല്ലാത്ത ഒരു ശാന്തത.നല്ല യാത്ര എന്ന് തന്നെ പറയാം.അവിടെ നിന്നിറങ്ങിമ്പോൾ എന്തോ ഒരു വെറുപ്പ് തോന്നി. താഴ്വരയുടെ അഗാധത്തിലെത്തിയപ്പോൾ ഷൈനിടീച്ചർ മലയുടെ കുത്തനെയുള്ള നിൽപിലെ കോണളവും പറഞ്ഞ് അതിനെ അളക്കാനും ശ്രീജ ടീച്ചർ ഉൽക്കാപതനത്തിൽ നിന്ന് രൂപപ്പെട്ട ശിലയുടെ മനോഹാരിതയെ കുറച്ച് പറയാനും പാറകളിൽ കാണപ്പെടുന്ന പൂപ്പലിനെ ഫംഗസെന്ന് വിളിച്ച് അതിനെക്കുറിച്ച് ഗവേഷണം നടത്താനും തുടങ്ങിയപ്പോൾ തൊട്ട് മുമ്പേ രാമൻ സീതയെ അന്വേഷിച്ച് പോയ കഥയും അമ്പലം നിർമിച്ച കഥയും പറഞ്ഞ് ലിംനടീച്ചർ മൗനം വെടിഞ്ഞു.ഭക്ഷണമൊക്കെ അടിപ്പൊളിയായിരുന്നു.അവസാനം പോയത് ലുലുമാളിലേയ്ക്കും മെട്രോയിലേക്കും.യാത്രായിലെ ഏറ്റവും നല്ല എന്ന് പറയാൻ കഴിയില്ല.ലുലുമാളിലെ സാധനങ്ങളുടെ വിലയും മെട്രോയുടെ വേഗതയും അത്രനേരം അവിടെ പിടിച്ച് നിർത്തിയില്ല. പതിയെ വീണ്ടും അലുവാ മണമുള്ള കടലിൻെറ ഉപ്പ് ചുവയുള്ള കോഴിക്കോട്ടേക്ക് മടങ്ങി. പരീക്ഷാ പേടിയെ മനസ്സിലേറ്റാൻ ആ ചെറിയ ഇടവേളയെ ഒരു കാലമാക്കി മനസ്സിൽ സൂക്ഷിച്ച് കൊണ്ട് വീണ്ടും സ്കൂൾ മുറ്റത്ത് വന്നിറങ്ങി.

ഫാത്തിമ റിഷ്ന നിത്തു



# IRA SINAGHAL

**The topper in the civil services examinations 2015 . she has fought bravely against her disabilities in order to reach this prestigious position .**

**let see what she tell us;**

**“There are no problems in lifes except those that we chose to consinder as problems lifes gives us challenges . it is upto us to take them as opportunities or problems every one has different issues to handle , but how we handle them will define what impact we live on the world”**

***BY: AKHIL KRISHNA***

# STEPHEN WILLIAM HAWKING

**STEPHEN WILLIAM HAWKING is a great physicist known for his work regarding**
**Black Holes in space .He has authored several popular science books .Evan at an early age**
**hawking showed a passion for science and Astronomy .At the age of twenty one ,while studying at Cambridge ,he was diagnosed with a serious disease .Gradually,he became**
**entirely paralysed and his life got confined to a wheel chair .Despite his illness,he has done**
**ground-breaking work in physics and Astronomy.**

**അഭിനവ് എം എം**

# കടങ്കഥകൾ

1, ഞെട്ടില്ലാ വട്ടയില ? :

**പപ്പടം**

2 അങ്ങേലെ ചങ്ങാതി വിരുന്നു വന്നു കായ്ക്കാത്ത പൂക്കാത്ത ചെടിയുടെ ഇലവേണം ?:**വെറ്റില**

3 അക്കരെ നിക്കും തുഞ്ചാണി ഇക്കരെ നിക്കും തുഞ്ചാണികൂട്ടിമുട്ടും ഏന്താണ്?? : **കൺപീലി**

**4** അങ്ങേ വീടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി **?: മുള**

**5** അങ്ങോ ട്ടും ഇങ്ങോട്ടും സംബന്ധം വീട്ടമ്മക്കിതു നിർബന്ധം **: സാക്ഷ**

6 അകത്തു നിന്നു നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാകും **?: കമറ**

7 അരിപ്പുള്ളി നായരും തേങ്ങാപ്പുള്ളി നായരും കൂടി മുളപ്പുള്ളി നായരുടെ വീട്ടിൽ വിരുന്നു ചെന്നു, കോൽപ്പുള്ളി നായരു കുത്തിപ്പുറത്താക്കി ? :**പുട്ട്**

8 അഞ്ചുവരും കുഞ്ഞുവരും ഗുഹകാണാൻ പോയി അഞ്ചുവരിങ്ങോട്ടും കുഞ്ഞുവരങ്ങോട്ടും പോയി **:അഞ്ചു വിരലുകൊണ്ടു ഊണു കഴിക്കുക**

9 അടി മുള്ള നടു കാട് തല പൂവ് **? : കൈതച്ച്ക്ക**

**10** അടിക്കൊരുവെട്ടും നടുക്കൊരു കെട്ടും തലക്കൊരു ചവിട്ടും**?; കൊയ്ത്തും മെത്തിയും**

**11** അണിഞ്ഞാൽ എടുക്കാനാവാത വെള്ളി താലി **? : കോലം**

**12** അപ്പത്തിനുകൂട്ടും അടിക്കുകൂടില്ല **? : ചുണ്ടുകൾ**

13 ആവശ്യക്കാരൻ വങ്ങുന്നില്ല....വാങ്ങുന്നവൻ അറിയുന്നില്ല..**? : ശവപ്പെട്ടി**

**14** ആന കേറാ മല ആടു കേറാ മല ആയിരം കാന്താരി പൂത്തിറങ്ങി ?

**നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം**

15 അച്ഛൻ സുന്ദരസൂര്യൻ അമ്മസുന്്ദര സമുദ്രം പക്ഷെ അമ്മ തൊട്ടാൽ മകൻ ആരാണത്? : **തീ**

*VAISHNAV*

# പദപ്രശ്നം

## വലത്തോട്ട്

1. കൂടിയേതീരൂ എന്നു സൂചിപ്പിക്കുന്ന പദം

2.ഏറ്റവും കാഠിന്യമേറിയ പദാർത്ഥം

3.2019 ലെ ലോക അത് ലറ്റിക് മീറ്റ് നടന്ന സ്ഥലം .

4.കൊല്ലം തന്നെ .

5. താപോർജം പ്രസരിക്കുന്ന രീതിയിൽ ഒന്ന്

6.വായ മുതൽ അമശയം വരെ നീണ്ടുകിടക്കുന്ന കുഴൽഭാഗത്തിന്റെ പേര്.

7.മനസ്സ്

8.ഈ നദിക്കരയിലാണ് വിശ്വപ്രസിദ്ധമായ താജ്മഹൽ സ്ഥിതിചെയ്യുന്നത്.

13. ഉൾക്കൊള്ളാനായി സ്ഥലം ആവശ്യമുള്ളതു ദ്രവ്യമാനം ഉള്ളതുമായ എന്തിനെയുംഇങ്ങനെയും വിളിക്കാം

14. നമ്പൂതിരിയുടെ വീടിന് ഈ പേരാണ് പറഞ്ഞുവരുന്നത് .

15.പെറുവിന്റെ തലസ്ഥാനം.

16.കഥയുണ്ടെങ്കിൽ അതിൽ ഇതുമുണ്ടാവും

18.ആൻഡമാനിലെ ഒരു അദിവാസി ജനവിഭാഗം.

19.വിശുദ്ധമെന്ന് വിശ്വാസികൾ കരുതുന്ന ജലത്തിനും ഇങ്ങനെ പറയുന്നു

20.റേഡിയോ ആക്റ്റീവ് മൂലകങ്ങളുടെ ദ്രവ്യമാനം (MASS) നേർപകുതിയാകുന്ന കാലയളവിനെ ഇങ്ങനെയാണ് വിശേഷിപ്പിക്കുന്നത്.

## താഴോട്ട്

1. ഭാഗങ്ങളായി വേർതിരിച്ച് പരിശോധിക്കുന്ന ശാസ്ത്രരീതി

2 . ചിറകുകളെ കവചമാക്കി മാറ്റിയ പരാഗകാരിയായ ഷഡ്പദം

3. പെൻഡുലത്തിന്റെ ചലനം

5.ഔഷധഗുണമുള്ള പുല്ലരി എന്നറിയപ്പെടുന്ന ധാന്യം

9. കരാറുകളും രേഖകളും എഴുതുന്നതിനുപയോഗിക്കുന്ന സർക്കാർനിർദ്ദേശിക്കുന്ന മുദ്ര പതിപ്പിച്ച പത്രം

10. പുതിയത് എന്നർത്ഥം

11. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലുള്ള വൃക്ഷസൂചകമായ ഒരു സ്ഥലപ്പേര്.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | | | | 2 | | | 3 | |
| | | | 4 | | | 5 | | |
| 6 | | | | | | 7 | | |
| | | | 8 | 9 | 10 | | | 11 |
| | | 12 | | 13 | | | 14 | |
| | | | | | | | 15 | |
| | 16 | | | | | 17 | | |
| | | | | | 18 | | | |
| 19 | | | | 20 | | | | |

12. യഥാർഥമല്ലാത്തത്

14. ഇതു ശ്വസിക്കുന്നത് മൂലമാണ് ശ്വസകോശ രോഗങ്ങളിൽ പലതും ഉണ്ടാകുന്നത്

16.തെയ്യത്തിന്റെ നാട്

17. ഗാന്ധിജി ആവിഷ്കരിച്ച അടിസ്ഥാനവിദ്യഭ്യസപദ്ധതി ഈ സ്ഥലത്തിന്റെ പേരിലും അറിയപ്പെടുന്നു.


18.പരിക്ഷണശാലയിൽ ഭരണിയുടെ ഈ ഇംഗ്ലീഷ് പേരാണ് പലപ്പോഴും ഉപയോഗിക്കാറുള്ളത് .

അക്ഷജ് എം

# ലിറ്റിൽ കൈറ്റ്

## ഏതാനും പ്രവർത്തനങ്ങൾ






















# ഗോപുവിന്റെ അമളി

ചെറുകഥ

ഗോപു മഹാ മടിയനും മണ്ടനുമായിരുന്നു.വയറു നിറയെ തിന്നും പണിയൊന്നും എടുക്കാതെ എല്ലാം ഫ്രീ ആയ് കിട്ടാനാണ് ആഗ്രഹം. ഒരിക്കൽ അവൻെറ അമ്മ അവനെ ശകാരിച്ചു. അവൻ വീട്ടിൽ നിന്ന് പുറത്തേക്ക് പോയി.എന്നിട്ട് ഫ്രീ ആയ് വല്ലതും കിട്ടുമൊ എന്നനേഷിച്ചു. 'ഗോപു കൃഷി ഓഫിസിൽ നിന്ന് എന്തൊ ഫ്രീ ആയ്ട്ട് എന്തൊ കൊടുക്കുന്നുണ്ട്. ഇത് കേട്ട പാതി കേക്കാത്ത പാതി ഗോപു കൃഷി ഓഫിസിലേക്ക് ഓടി. എന്നിട്ട് സങ്കടം ബോധിപ്പിച്ചു.ഓഫിസർ അവന് കുറച്ച് മീൻ കുഞ്ഞുങ്ങളെ കൊടുത്തു എന്നിട്ട് പറഞ്ഞു;ഇതിനെ നീ നല്ലവണ്ണം കൃഷി ചെയ്യണം.അടുത്ത മാസം ഞങ്ങൾ വന്ന് നോക്കും. ഗോപു മീൻ കുഞ്ഞുങ്ങളുമായ് വീട്ടിലെക്ക് ഓടി എന്നിട്ട് ഒരു കുഴിച്ചു മീൻ കുഞ്ഞുങ്ങളെ അതിലിട്ടു മൂടി. അടുത്ത മാസം കൃഷി ഓഫീസർ വന്നു. 'ഗോപു എന്തായ് നിൻെറ കൃഷിയൊക്കെ.അപ്പോൾ ഗോപു പറഞ്ഞു ഞാൻ എല്ലാ മീൻ കുഞ്ഞുങ്ങളെയും കുഴിച്ചിട്ടു ഒന്നും മുളച്ചില്ല.
ഇത് കേട്ട് ഓഫീസർ പൊട്ടിചിരിച്ചു എന്നിട്ട് പറഞ്ഞു. എടാ മീൻ കൃഷി എന്ന പറഞ്ഞാൽ മീൻ കുഞ്ഞുങ്ങളെ വല്ല കുളത്തിലൊ ടാങ്കിലൊ ആണ് വളർത്തുന്നത്. ഇത് കേട്ട് ഗോപു ഇളിഭ്യനായ് നിന്നു.

*അലിറിൻഷാൻ*

# ജൈത്രയാത്ര

## കഥ

കൂരാകൂരിരുട്ടും ശക്തമായ മഴയും ഇടിയോട് കൂടിയ തണുത്തകാറ്റും ആ ദിവസത്തെ സവിശേഷതയായിരിന്നു. അന്ന് അമ്മയെ ഉപേക്ഷിക്കാൻ മകന് മനസ്സ വന്നില്ല. ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി ഈ ഒരു കുറ്റകൃത്യം ഏറ്റെടുക്കാൻ മകൻ ശരത്ത് നിർബന്ധിതനായി.ഇങ്ങനെയൊരു ദിവസമായിരുന്നു അമ്മ അവനെ പെറ്റത് . അന്ന് തണുത്ത് വിറങ്ങലിച്ച ശരത്തിനെ മാറോട് ചേർത്തു പിടിച്ച് മാറിലെ ചൂട് നൽകി വളർത്തിയ ആ അമ്മയെ ഉപേക്ഷിക്കാൻ ശരത്ത് ധൈര്യ പെട്ടില്ല. വീട്ടിൽ എത്തിയാൽ ഭാര്യയുടെ ഗർജനം കേൾക്കേണ്ടി വരുമോ എന്ന ഭയമായിരുന്നു അവന്.കൊടും തണുപ്പിന്റെ ഭീകരതയിൽ നിന്ന് ഉയർത്തെഴുന്നേൽപിച്ച ആ അമ്മയെ നിമിഷ നേരം കൊണ്ട് ഉപേക്ഷിക്കാൻ ശ്രമിച്ച താനൊരു നീചനാണന്ന് വരെ അവന് തോന്നി പോയി.എങ്കിലും ഭാര്യയുടെ നിയന്ത്രണത്തിൽ ആ കാർ പതിയെ നീങ്ങി തുടങ്ങി.ആളൊഴിഞ്ഞഒരു മൂലയിൽ എത്തുമ്പോഴേക്കും മഴ ഒന്ന് ശമിച്ചിരുന്നു.കാറിന്റെ പിൻസീറ്റിലിരുന്ന് അമ്മ ആ മഴ ആസ്വദിച്ചു. ഡ്രൈവറോട് കാർ കുറച്ച് കൂടി മുന്നോട്ട് നീക്കാൻ ശരത്ത് ആവശ്യപെട്ടു. അപ്പോഴാണ് ദൈവത്തിന്റെ വിളി എന്ന പോലെ ആകാശത്ത് പെട്ടന്നൊരു മിന്നൽ പിളർപ്പുണ്ടായത്. ആ നിമിഷം ശരത്ത് 'അമ്മേ' എന്ന് നിലവിളിച്ചു. പെട്ടന്ന് കാർ നിശ്ചലമായി.അമ്മ പതിയെ ശരത്തിനടുത്തേക്ക് നീങ്ങിയിരുന്നു കാര്യം തിരക്കി.ഒന്നുമില്ലന്ന ഭാവത്തോടെ ശരത്ത് തലയാട്ടി.കാർ പീന്നെയും നിങ്ങിത്തുടങ്ങി കൂടെകൂടെ മഴ പിന്നെയും വർധിച്ചു വരുകയായീരുന്നു.മഴക്ക് ഒരു കനിവും തോന്നാത്ത വണ്ണം മഴ തകർത്തു പെയ്തു. ശരത്തിനോട് മഴക്ക് ദയയും തോന്നിയില്ല .മഴയുടെ ശക്തി കാരണം കാർ വീട്ടിലേക്ക് തന്നെതിരിച്ചു.എവിടേക്കാണ് പോയതന്ന് അമ്മ ചോദിച്ചില്ല പക്ഷെ അമ്മക്ക് മകനിലുള്ള വിശ്വാസം ആ നിമിഷം വരെ നീണ്ടു. വീട്ടിലെത്തിയതും വളരെ സന്തോഷപൂർവമാണ് ഭാര്യ ശരത്തിനെ സ്വീകരിച്ചതും. അപ്പോഴാണ് കാറിന്റെ പിൻസിറ്റിൽ നിന്നൊരു ഞരക്കം ഭാര്യ ശ്രദ്ധിച്ചത്.കാർ തനിയെ പണിപ്പെട്ട് തുറന്ന് ആ വൃദ്ധ പുറത്ത്

വന്നു.വൃദ്ധയെ കണ്ട് ഭാര്യ കലിതുള്ളി മുറിയിൽ പോയ് വാതിലടച്ചു.അപ്പോഴും മഴ തകൃതിയായ് പെയ്തുകൊണ്ടിരുന്നു. പിറ്റേന്ന് രാത്രിയും ശരത്ത് അമ്മയെ കൊണ്ടു പോവാനായ് ഒരുങ്ങി. പക്ഷെ ദുർവിധിയെന്ന് പറയട്ടെ ശരത്ത് ഓഫിസിൽ നിന്നും വരുന്നവഴി കാറിന്റെ ടയർ അത്യുഗ്രവും അതിതീവ്രവുമായ ശബ്ദത്തോടെ പൊട്ടുകയും ശരത്ത് തെറിച്ച് വീഴുകയും ചെയ്തു. ഭാഗ്യമെന്നു പറയാം ശരത്ത് ഒരു വിധത്തിൽ രക്ഷപ്പെട്ടു.വീട്ടിലെ വിശ്രമ വേളയിൽ അമ്മയെ എങ്ങനെ ഉപേക്ഷിക്കും എന്ന ചിന്തയായിരുന്നു.അപ്പോഴാണ് ഭാര്യ അടുത്തേക്ക് വന്നത് അമ്മയെ നാം ഇനി എപ്പോഴാണ് ഉപേക്ഷിക്കുക എന്ന ചോദ്യത്തിന് ശരത്തിനുമറുപടിയില്ലായിരുന്നു.മുറിവുകൾ ഉണങ്ങുന്നതുവരെ സഹിക്കാൻ ആ സത്രീക്ക് ക്ഷമയുണ്ടായിരുന്നില്ല.ഇതെല്ലാം അമ്മ കേൾക്കുന്നുണ്ടായിരുന്നു.താനാണ് ഇവിടുത്തെ പ്രശ്നമെന്ന് അമ്മക്ക് മനസ്സിലായ്.

പിറ്റേന്ന് രാവിലെ സൂര്യൻ തന്റെ പ്രഭാതകർമങ്ങൾ കഴിഞ്ഞ് ഉണർന്ന് വന്നു.

സൂര്യന്റെ ആവർണാഭമായ ജ്വാലയിൽ എന്തോ പന്തികേടുണ്ടന്ന് ശരത്ത് മനസ്സിലാക്കി അന്ന് കിടപ്പു മുറിയിലേക്ക് ചായയുമായി ഭര്യ വളരെ സന്തോഷവതിയായിരുന്നു.


കാര്യം തിരക്കിയപ്പോൾ ഭാര്യപറഞ്ഞു.രാവിലെ മുതൽ അമ്മയെ കാണാനില്ല എവിടേം ഇല്ല ശരീരത്തിന് വല്ലാത്ത പരിഭ്രമമുണ്ടായി.ഭാര്യ തുടർന്നു  ദാ അമ്മേടെ കിടപ്പുമുറീന്ന് കിട്ടിയതാ എനിക്കൊന്നും മനസ്സിലാവുന്നില്ല. ശരത്ത് അതു വാങ്ങി വായിച്ചു.അതിൽ ഇങ്ങനെ ആയിരുമന്നു എഴുതിയിരുന്നത്.

'പൊന്നു മോനെ'

ഈ വൃദ്ധയെ ഇനിയാർക്കും വേണ്ടന്നറിയാം.കാലം ആരെയും കാത്തുനിൽക്കില്ല. ഒരു പ്രയാണം പോലെ അത് അതിന്റെ ജൈത്രയാത്ര തുടർന്നു കൊണ്ടിരിക്കും.നിയും നിന്റ ഭാര്യയും സുഖമായ ജീവിക്കുക.ഞാനിതാ കാലമാകുന്ന ആ പ്രയാണത്തിൽ പങ്കു ചേരുന്നു. എവിടേക്കന്നില്ലാത്ത യാത്ര. ഇത്രയും വായിച്ചതും മകന്റെ കണ്ണ് നിറഞ്ഞു.

ആ വിങ്ങൽ ഉള്ളിലൊതുക്കി. പഴ കാല ഓർമകൾ തട്ടിയുണർത്തി. അപ്പൊഴേക്കും താൻ പരാജയപ്പെട്ടന്നപോലെ മഴ ശമിച്ചു. കാർമേഘത്തെ തുടച്ചു നീക്കി പുതിയ പ്രഭാതം വന്നു ചേർന്നു കിരണങ്ങളില്ലാത്ത സൂര്യനായ്.

# ചാർലിയുടെ സന്ദേശം



ഒരിക്കൽ ചർലി ഒരു വേദിയിൽ സംസാരിക്കുകയായിരുന്നു പെട്ടന്ന് അദ്ദേഹം ഒരു തമാശ പറഞ്ഞു കാണികൾ ഒന്നടങ്കം ചിരിച്ചു . ചാർലി ആ തമാശ വീണ്ടും പറഞ്ഞു ഇത്തവണ കുറച്ചു പേർ മാത്രമാണ് ചിരിച്ചത്. ചാർലി ആ തമാശ വീണ്ടും പറഞ്ഞു ഇത്തവണ ആരും ചിരിച്ചില്ല.

അപ്പോൾ ചാർലി പറഞ്ഞു. ഒരേ തമാശ കേട്ട് പലവട്ടം ചിരിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് ഒരേ സങ്കടം ഓർത്ത് വീണ്ടും വീണ്ടും കരയുന്നത്. ചാർലിയുടെ ആശയം കാണികൾ ഒന്നടങ്കം അഭിനന്ദിച്ചു

**രചന : അനുദേവ്**

# പട്ടോ പട്ടോ

കുട്ടിക്കവിത

പട്ടരച്ഛൻ പുട്ടു ചുട്ടു, കൊട്ടേലിട്ടു വച്ചു
പാട്ടിയമ്മ തക്കം നോക്കി
പുട്ടു കട്ടു തിന്നു
പുട്ടു കട്ടു തിന്നു
പട്ടരച്ചൻ കണ്ടുവന്നു
പട്ടോ !!!! പട്ടോ !!!! പട്ടോ !!!!

# GK QUIZ

1. *മനുഷ്യരുടെ വിയർപ്പിലൂടെ പുറംന്തള്ളപ്പെടുന്ന മൂലകം ?*

   *A= സൾഫർ*

2. *രക്തത്തിലെ ഹീമോഗ്ലോബിന്റെ ശരാശരി അളവ് ?*

   *A=100 ml*



3. സൈലന്റ് വാലിയിലൂടെ ഒഴുകുന്ന നദി ?

   A=കുന്തി പുഴ

4. കേടുവരാത്ത ഏക ഭക്ഷണ വസ്തു ?

   A= തേൻ

5. പ്ലാസ്റ്റിക് യുഗം എന്നു വിളിക്കുന്ന കാലം?

   A=ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി

6. ഏറ്റവും അതികം  നീളത്തിൽ വലിച്ചു നീട്ടാവുന്ന ലോഹം ?

   A=സ്വർണം

7. രാജ്യസഭയുടെ പരവതാനിയുടെ നിറം ?

   A=ചുവപ്പ്

8. പിൻ എന്നതിന്റെ പൂർണ രൂപം ?

   A=പോസ്റ്റൽ ഇൻഡക്സ് നമ്പർ

9. വിദ്യഭ്യാസ അവകാശ നിയമം പ്രാപല്യത്തിൽ വന്ന വർഷം?

A=1/4/2010

10. ക്ലാസിക്കൽ ഭാഷപദവി ലഭിച്ച അഞ്ചാമത്തെ ഭാഷ?

A=മലയാളം

11.2020 വർഷത്തെ ഇന്ത്യയുടെ റിപ്പബ്ലിക്ക് ദിനത്തിൽ വന്ന വിഷിഷ്ട്ടാതിതി ?

A=ബ്രസീൽ പ്രസിഡന്റ്

12.പ്രവാസി ഭാരതീയ ദിനം എന്നാണ്?

A=ജനുവരി ഒമ്പതിന്

13.പുകയില വിരുദ്ധ ദിനം എന്ന്?

A=മേയ് 31

14.ഭീകര വിരുദ്ധ ദിനം എന്ന് ?

A=ഒക്ക്ടോബർ 31

15.നാവിക സേനാദിനം എന്ന്?

A=ഡിസംബർ 4

16.ലോക ആരോഗ്യ ദിനം എന്ന്?

A=ഏപ്രിൽ 7

17.കരസേന ദിനം എന്ന്?

A=ജനവരി 12

18.ഐ.ടി  ദിനം എന്ന്?

A=മേയ് 11

19.ലോക കാൻസർ ദിനം എന്ന്?

A=ഫെബ്രുവരി 4

20.നഴ്സസ്  ദിനം എന്ന്?

**A=മേയ് 12**

## STEM club



# Dream

Poem

Once in the dream of a night I stood
Lone in the light of a magical wood
Soul-deep in visions that poppy like sprang;
And spirits of truth were the birds that sang,
And spirits  of love were the stars that glowed
and spirits of peace were the stream that flowed
in that magical wood in the land of sleep

Lone in the light of magical grove,
I  felt the stars of the spirits of love
Gather and gleam round my delicate youth
and i herd the song of the spirits of truth
To quench my longing i bent me low
by the stream of the spirits of peace that flow
in that magical wood in the land of sleep

Arafath

# സ്നേഹകടൽ

കവിത

ഇവിടെ ചിരിക്കുന്ന മുഖങ്ങളിൽ
ഞാൻ കാണുന്ന ദുഃഖമാം
മുഖങ്ങൾ മാറുന്നു വാക്കുകൾ മാറുന്നു
ഒടുവിലായ് നൊമ്പരം മാത്രം
ഒരുനാൾ ഞാൻ കാത്തിരുന്നു
നിന്റെ വരവിനായ്
എന്നെ കരയിച്ചു കൊണ്ട് അന്നാദ്യമായ്
നീ വന്ന നിമിഷം
നിൻ ചിരിയിൽ എൻ
വേദനകൾ അലിഞ്ഞു പോയ്
നിനക്കായ് മാത്രം പിന്നെ
നിനക്കായ് മാത്രം പിന്നെ
യെൻ രാവുകൾ പകലുകൾ
നിൻെറ കൊഞ്ചലിൽ എൻ
ഹൃദയ താളമൊഴുകി
അന്നു മധുവായ് നിൻ വാക്ക്ത
എൻകാതിലായ്
അറിഞ്ഞില്ല നിൻ വളർച്ച ഞാൻ
എന്റെ കണ്ണിൽ നീ എന്നും  പൈതൽ
അറിവുകൾ തേടി നീ നിന്റെ
ജീവിതയാത്രയിൽ
പലമുഖങ്ങൾ  നമ്മുക്കിടയിൽ വന്നു
ഭാവങ്ങൾ മാറി സ്വരങ്ങൾ മാറി
എന്നും ഒരു അധികപറ്റായി ഞാനും

"ഒരുപാട് പേരുണ്ടിവിടെ കൂട്ടായ്
എന്ന നിൻ വാക്കുകൾ മുഴങ്ങുന്ന
ഇവിടെ ചിരിച്ചും കരഞ്ഞും പറഞ്ഞു
സ്നേഹമാണിവിടം കുഞ്ഞേ
നൊമ്പരപാട്ടുകൾ കൂട്ടായ് കൂട്ടുബോൾ
സ്നേഹം വിടരുന്നിടെ
എന്നാലും കുഞ്ഞേ
അമ്മയെന്ന വിളികോൾക്കാൻ

കാത്തിരിക്കുന്നു ഞാൻ മകനെ
കാത്തിരിക്കുന്നു ഞാൻ മകനെ

ദിയ ഫാത്തിമ(9B )



# അടുത്തുള്ള അമ്മ


*കഥ*

*തീറ്റിപ്പോറ്റാനുള്ള പങ്കപ്പാടിൽ ഞാൻ കുട്ടികളോടൊത്ത് തൊടിയിലൂടെ പരക്കം പായുന്നതിനിടയിൽ വീടിന്റെ അകായിയിൽ നിന്നും ആയമ്മയുടെ മക്കളുടെ കോലാഹലം കേട്ടു .*

*" ന്റെ കുട്ട്യോളിം ഒന്നു ശ്രദ്ധിച്ചോളണേ........ " പണിക്കു പോകുമ്പോൾ, മറ്റാരോടും പറയാനില്ലാത്തതു കൊണ്ട് എന്നോട് പറഞ്ഞേൽപ്പിച്ച കാര്യം അപ്പോഴാണ് ഓർമ്മ വന്നത്.*

*" അത്ങ്ങള് എന്ത് പുകിലാണോ കാട്ട്ണത് . ഒന്നു പോയി നോക്കുക തന്നെ....... " ഞാനെന്റെ മക്കളെ ഒരു വാഴത്തണലിൽ ഒതുക്കി നിറുത്തി , തുറന്നിട്ട മുൻ വാതിലിലൂടെ അകായിലേക്ക് പതുങ്ങിപ്പതുങ്ങി ചെന്നു . മുറിയിലെ കുത്തി മറിയലിനിടയിൽ കുട്ടികൾ എന്നെ കണ്ടെന്ന് തോന്നുന്നു . അവർ ഒന്നിച്ചാർത്തു*

*" ബ്ടെ ..... തള്ളക്കോഴി*



*ഷാദിൻ കെ (9B)*

# ചിരിയുടെ തുടക്കം

കഥ

ചാർളിയുടെ അമ്മ ഒരു ഗായികയായിരുന്നു. ഒരിക്കൽ അവർ ഒരു വേദിയിൽ പാടുകായായായിരുന്നു. പാട്ടിനിടെ തൊണ്ടയടഞ്ഞ് അവരുടെ ശബ്ദം നിലച്ചുപോയി. അമ്മയുടെ വിഷമം കണ്ട കുഞ്ഞു ചാർലി വേദിയിലേക്ക് ഓടിക്കയറി പാട്ടുതുടങ്ങി .ചാർലിയുടെ പാട്ടുകേട്ട് കാണികൾ കൈയ്യടിച്ചു പിന്നെ നാണയങ്ങൾ സ്റ്റേജിലേക്ക് എറിഞ്ഞു. ചാർലി പെട്ടെന്ന്  പാട്ട് നിർത്തി എന്നിട്ട് നാണയങ്ങൾ പെറുക്കിയെടുക്കുവാൻ തുടങ്ങി. കാണികളോടായി അവൻ ഉറക്കെ വിളിച്ചു പറഞ്ഞു. ഞാനിതെല്ലാം പെറുക്കിയെടുത്തിട്ട് പാട്ട് തുടങ്ങുന്നതാണ്.

അതുകേട്ട് കാണികൾ ഒന്നടങ്കം പൊട്ടിച്ചിരിച്ചു. പിൽക്കാലത്ത് ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ഹാസ്യതാരമായ ചാർലി ചാപ്ലിൻ അന്നാണ് ആദ്യമായി കാണികളെ ചിരിപ്പിച്ചത്

***രചന: വൈഷ്ണവ് കെ***

# ചാണക്യതന്ത്രം

കഥ

ഒരു നാട്ടിൽ ഒരു രാജാവുണ്ടായിരുന്നു. രാജാവിന് ധാരാളം പരിചാരകരുണ്ടയിരുന്നു അതിലേറ്റവും കേമൻ ഒരു വിദൂഷകൻ അയിരുന്നു മറ്റെല്ലാവർക്കും അവനോട് അസൂയ അയിരുന്നു ആ വിദുഷകന്റെ പേരായിരുന്നു ചാണക്യൻ. ഒരിക്കൽ രാജവിന്റെ ഭാര്യക്ക് വിട്ടുമാറാത്ത രോഗം പിടിപ്പെട്ടു. ഇത് നല്ല ഒരവസരമായി മറ്റുള്ളവർ കണക്കാക്കിഅവർ ചാണക്യനെ കുടുക്കാൻ വേണ്ടി വൈദ്യനെ സമിപിച്ചു. വൈദ്യനോട് അവർ പറഞ്ഞു "ആൺ സിംഹത്തിന്റെ പാലുണ്ടെങ്കിൽ ഈ അസുഖം പെട്ടെന്ന് ബേധമാകും എന്ന് രാജാവിനോട് പറയണം"കൈക്കൂലി കൊടുത്ത് അവർ വൈദ്യനെ വശത്താക്കി അവർ വിചാരിച്ചത് ചാണക്യൻ കാട്ടിൽ നിന്ന് തിരിച്ചു വരില്ല എന്നും സിംഹത്താൽ ചാണക്യൻ മരണപ്പെടുമെന്നും കരുതി .

രാജാവ് ആകെ വിഷമത്തിലായി ആരിത് ചെയ്യും ഇത്രയും വലിയ വീരൻ ഈ സദസിലുണ്ടോ? എന്നല്ലാമാണ് രാജാവ് ചിന്തിച്ചത് അപ്പൊഴാണ് രാജാവിനെ പണ്ഡിതൻമാർ സമീപിച്ചത് എന്നിട്ട് പറഞ്ഞു "മഹാരാജാവേ... ഈ കൃത്യം ചെയ്യാൻ യോഗ്യൻ അങ്ങയുടെ വിദുഷകൻ ചാണക്യനാണ്. അങ്ങ്.. ആദ്ദേഹത്തെകൊണ്ട് ചെയ്യിപ്പിച്ചോളു' രാജാവ് സന്തോഷിതനായി അദ്ദേഹം ചാണക്യനെ വിളിപ്പിച്ചു എന്നിട്ട് കാര്യങ്ങൾ പറഞ്ഞു തന്റെ കൂടെയുള്ളവർ ചതിച്ചതാണെന്ന് ചാണക്യന് മനസ്സിലായി ***രാജാവ് വളരെ സങ്കടത്തിലായിരുന്നു അതുകൊണ്ട് രാജാവിന് സത്യം മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല ചാണക്യനൊരു തന്ത്രമെട്ടുത്തു. തന്റെ മകളെ രാത്രിയിൽ രാജാവിനെ ശല്യം ചെയ്യും വിധം ശബ്ദമുണ്ടാക്കിച്ചു. ഇതുകേട്ട രാജാവ് അവളോടേ ദേഷ്യപ്പെട്ടു. എന്നിട്ട് ചോദിച്ചു നിന്റെ പിതാവെവിടെപ്പോയ്....അനിയന് പാലുകൊടുക്കുകയാണെന്ന് മറുപടി.. ഇതുകേട്ട രാജാവിന് വിഡ്ഢിത്തം മനസിലായി. ചാണക്യന്റെ ബുദ്ധിക്ക് രാജാവ് ധാരാളം പാരിതോഷികങ്ങൾ നൽകി.***

***അക്ഷജ്***

## പാചകപംക്തി

# മാങ്ങാ പൊടി

നന്നായുപ്പു ചേർത്ത് ഉണക്കിയെടുത്ത കഷണ ങ്ങൾ പൊടിച്ച് മാങ്ങാ പൊടിയാക്കി പാക്ക് ചെയ്ത് സൂക്ഷിക്കാം. കറികളിൽ പുളിക്ക് പകരം **ഉപയോഗിക്കാം**

# പ്രശ്നോത്തരി

**1. താജ്മഹലിന്റെ നിർമ്മാണത്തിനാതി ഉപയോഗിച്ച പ്രത്യേകയിനം മാർബിളിന്റെ പേരെന്ത്?**

**2.കേരളത്തിൽ തെക്കേ ഇന്ത്യ,വടക്കേ ഇന്ത്യ എന്നിങ്ങനെ വേർതിരിക്കുന്ന നദി ?**

**3.സംസ്കൃതം ഔദ്യോഗികഭാഷയായ സംസ്ഥാനം ?**

**4.കേരളത്തിന്റെ ഗവർണർ പദവിവഹിച്ച ഏക മലയാളി ?**

**5.യൂറോപ്പിലെ ഒരുനഗരം കാറുകളില്ലാത്ത നഗരം എന്നാണ് അറിയപ്പെടുന്നത് ഏതാണത് ?**

## ANSWERS

**1.മക്രാന മാർബൾ**

**2.നർമദാനദി**

**3.ഉത്തരാഖണ്ഡ്**

**4.വി.വിശ്വനാഥൻ**

**5.വെനീസ്**

# സ്കൂൾ കലാമേള



# കായികമേള






# ശാസ്ത്രമേള


# ഐസ്ക്രീമിന്റെ കഥ

ചെറുകഥ

ഇന്ന് പത്തു രൂപയും പതിനഞ്ച് രൂപയും ഒക്കെ കിട്ടുന്ന ഐസ്ക്രീം ഒരു കാലത്ത് രാജാക്കൻമാരും
പ്രഭുക്കളും മാത്രമാണ് കഴിച്ചിരുന്നത് .അത്രയേറെ വിശേഷപ്പെട്ട ആഹാരമായിരുന്നു പണ്ട് ഐസ്ക്രീം .പണ്ടുകാലത്ത് തണുപ്പ് രാജ്യങ്ങളിൽ ഐസിൽ പഴച്ചാറും മറ്റും ചേർത്ത് കഴിക്കുന്ന പതിവുണ്ടായിരുന്നു .എന്നാൽ ഇന്നു കാണുന്ന ഐസ്ക്രീമിന്റെ ആദ്യ രൂപം ഉണ്ടാക്കിയത് ഇംഗ്ലണ്ടിലെ ചാൾസ് ഒന്നാമൻ രാജാവിന്റെ കാലത്താണ് എന്ന് കരുതപ്പെടുന്നു .രാജാവിന്റെ ഫ്രഞ്ചുകാരനായ പാചകക്കാരനാണ് ഇത് ഉണ്ടാക്കിയത് .1851-ൽ അമേരിക്കയിലെ ജേക്കബ്ഫസൽ എന്ന ഫാമുടമ ഫാമിൽ ബാക്കിയുണ്ടായിരുന്നക്രീമിൽ പഴച്ചാറുകളും മറ്റും ചേർത്ത് വിൽപ്പന നടത്തി .അതാണ് ആദ്യമായി കച്ചവടത്തിനായി നിർമ്മിച്ചഐസ്ക്രീം .



അഭിനന്ദ് എം



# Flower

Poem

I am a kind word uttered and repeated
By the voice of nature
I am a star fallen from the
Blue tent upon the green carpet.
I am the daughter of the elements.
With whom winter conceived;
to whom spring gave birth; I was
Reared in the lap of summer and I
Slept in the bed of Autumn.

At dawn I unite with the breeze
TO announce the coming of light;
At eventide I join the birds
In bidding the light farewell.

The plains are decorated with
My beautiful colours, and the air fragrant.

As I embrace slumber the eyes of
Night watch over me and as I
Awaken I stare at the sun, which is
The only eye of the day.

Ujual shaji

# The Old Man

*Poem*



*This Old MAN He Played One*
*He Played knick Knack On My Knee*
*With Knick Knack Parry wary*
*Give a dog a born*
*This All Making all In home*
*This old man he played two*
*He played knick knack on my shoe*
*with knick knack parry wary*
*give a dog a born*
*This all making all in home*

*Diya*

# പഴഞ്ചൊല്ലുകൾ

1.മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല .

2.ഗതികെട്ടാൽ പുലി പുല്ലും തിന്നും

3.ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

4.കാക്ക കുളിച്ചാൽ കൊക്കാകുമോ?

5.കുന്നോളം ആഗ്രഹിച്ചാലേ കുന്നിക്കുരുവോളം കിട്ടൂ

6.ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്

7.വിതയ്ക്കുന്നതേ കൊയ്യൂ

8.ചത്തുകിടന്നാലും ചമഞ്ഞുകിടക്കണം

9.അങ്ങാടിയിൽ തോറ്റതിന് അമ്മയോട്

10.ഏതു നെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ മധുരിക്കും

BY

*ABHINAND M*

# A SPRING

*oh, give us pleasure in the flowers to-day*
*and give us not to think so far away*
*as the uncertain harvest; keep us here*
*all simply in springing of the year.*
*And make us happy in the darting bird*
*That suddenly above the bees*
*the mete or that thrusts in with needile*

## കാർഷികം

# കായീച്ചകളെ നിയന്ത്രിക്കാൻ

പാവൽ പടവലം ഇവയുടെ പ്രധാന ശത്രുവാണ് കായീച്ച എന്ന പ്രാണി .ഇവയെനിയന്ത്രിക്കാൻ പലതരം കെണികൾ തോട്ടത്തിൽഒരുക്കാൻ പറ്റും . തുളസിയിലെ നീര് ,ശർക്കരഉരുക്കിയത് ,കാഞ്ഞിരക്കുരസത്ത് ഇവ ചേർത്ത് ചിരട്ടയിൽ തൂക്കിയിട്ടാൽ കായീച്ചകളെ നശിപ്പിക്കാം.

## പാച്ചുവും ആച്ചുവും

കഥ

പണ്ട് പണ്ട് ഒരിടത്ത് ഒരു പാച്ചു ആച്ചു എന്ന രണ്ട് കുട്ടികളുണ്ടായിരുന്നു.

ഇരു വരും നല്ല സ്നേഹബന്ധത്തിലായിരുന്നു. എന്ത് സാധനം കിട്ടിയാലും അവർ പരസ്പരം കൈമാറുമായിരുന്നു.അങ്ങനെയിരിക്കെ ഒരു നാൾ പാച്ചുവിന് ഒരു കേക്ക് കിട്ടി.പാച്ചു അത് കൊണ്ട് ആച്ചുവിനടുത്തേക്ക് ഓടി "ആച്ചു ,ദേ നോക്ക് ഒരു കേക്ക് "പാച്ചു പറഞ്ഞു."ഹായ് കേക്ക് പക്ഷെ ഇതൊന്നല്ലേ ഉള്ളൂ".ആച്ചു പറഞ്ഞു.ഒടുവിൽ അവരത് മുറിക്കാൻ തീരുമാനിച്ചു. പക്ഷെ അവർക്ക് തുല്ല്യമായി മുറിക്കാനായില്ല.അപ്പോഴാണ് അവരുടെ സഹോദരനായ കുട്ടൻ അതുവഴി വന്നത് "എന്താ പ്രശ്നം?".കുട്ടൻ ചോദിച്ചു ."ഈ കേക്ക് തുല്ല്യമായി വീതിക്കണം".പാച്ചു പറഞ്ഞു.കുട്ടൻ അതുവാങ്ങി മുറിച്ചു.അതിൽ ഒന്നിൽ നിന്ന് അൽപ്പം കടിച്ചു.ഇങ്ങനെ നീളം നോക്കി നീളം നോക്കി കുട്ടൻ ആ കേക്ക് മുഴുവൻ കഴിച്ചു. ഇതുകണ്ട പാച്ചുവും ആച്ചുവും കരയാൻ തുടങ്ങി.ഇതുകണ്ട കുട്ടൻ ജീവനും കൊണ്ട് ഓടി.പിന്നീട് ഒരിക്കലും വീതം വെയ്ക്കാൻ അവർ മറ്റൊരാളുടെ കൈയ്യിൽ നൽകിയില്ല.

SHADIN

# Smart work vs hard work stories

One day two woodcutters have argued, which of them will cut more wood during a day.
In the morning two men took up their positions. First they worked at one speed. But in an hour one of them has heard, that the other one stopped cutting trees. Realizing that this was his chance, the first woodcutter started to cut trees with double efforts.
Ten minutes passed, and he heard that the second woodcutter started to work again. They were working almost synchronously, when the first woodcutter heard that his opponent has stopped again. The first woodcutter continued working, feeling the smell of victory.
This lasted all day long. Each hour one of the woodcutters stopped for ten minutes and the other one continued to work. When time expired, the first woodcutter, who worked without any stopping, was absolutely sure that he won the prize.
He was very surprised to know that was mistaken.
— How did that happen? — He asked his partner. — Each hour I heard that you have stopped the work for ten minutes. How could you cut more trees than I? It’s impossible!
— It is very simple, in fact, — answered the second woodcutter. — Each hour I stopped the work for ten minutes. And when you were cutting the trees, I sharpened the axe.

–

# A MERCHANT AND HIS DONKEY

ONE beautiful spring morning a merchant loaded his donkey with bags of salt to go to the market in order to sell the salt. The merchant and his donkey were walking along together.

They had not walking far when they reached a river on the way unfortunately the donkey slipped and fell into the river.

As it scrambled up the bank of the river it noticed that the bags of salt looked on his back had become lighter

There was nothing the merchant could do except return home where he loaded his donkey with move bags of salt.

As they reached the slippery river bank again the donkey fell into the river this time deliberately. Thus the salt was wasted again.

By now the merchant knew the donkeys trick. He wanted to teach the animals a lesson.

As he returned home the second time  with the donkey the merchant loaded bags of sponges on its back.

The duo set out on their trip to the market a third time

on reaching the river the doing very cleverly fell into the water again .
But now instead of the load become lighter it became heavier.
The merchant laughed at the donkey and said you foolish donkey your trick has been discovered.
You should know that you cannot fool anyone to many times

UJUALSHAJI



# വാർത്തകൾ അറിവുകളാക്കാം

1.കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടികൊടുത്ത സുഭാഷ് ചന്ദ്രന്റെ നോവൽ?

A:മനുഷ്യന് ഒരു ആമുഖം

2.കേരളത്തിൽ 'സ്റ്റുഡന്റ് പോലീസ്' എന്ന പദ്ധതി നടപ്പിലാക്കിയ പോലീസ് ഓഫീസർ?

A:പി.വിജയൻ

4.2015 ലെ 'ടെയ്ലർ പ്രൈസ്' നേടിയത്?

A:മാധവ് ഗാഡ്ഗിൽ

5.2014 ലെ 'ദാദ സാഹിബ് ഫാൽക്കെ അവാർഡ് നേടിയത്?

A:ശശികപൂർ

6.2014 ലെ ഗാന്ധി സമാധാന പുരസ്കാരം നേടിയത്?

A:ഐ.എസ്.ആർ.ഒ

7.ഈ വർഷത്തെ രഞ്ജി ട്രോഫി നേടിയത്?

A:കർണാടകം

8.2015 ലെ സ്റ്റോക്ക് ഹോം ജലപുരസ്കാരം നേടിയത്?'

A:കെ.എം.മാണി

9.കുരങ്ങുപനി പരത്തുന്ന ചെള്ള് എത്?

A:ഹിമഫൈസലിസ്

10.'ഫാമിലി ലൈഫ്' എന്ന നോവൽ രചിച്ചത് ആര്?

A:അഖിൽ ശർമ്മ

11. നാസയുടെ ഡോൺപേടകം ഇറങ്ങിയ കുള്ളൻഗ്രഹം ?

A:സിറിസ്

12.ലോകഒന്നാം നമ്പർ ബാറ്റ്മിന്റൺ താരമായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാരി?

A:സൈന നെഹ്‌വാൾ

13:അന്താരാഷ്ട്രവനിതദിനം?

A:മാർച്ച് 8

14:TRAI യുടെ പൂർണരൂപം?

A:ടെലികോം റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ

15:സുഡാന്റെ ഇപ്പോയത്തെ പ്രസിഡന്റ്?

A:ഉമറുൽ ബഷിർ

16:എ.ഐ.ഐ.ബി.യുടെ പൂർണരുപം?

A:ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ് ബാങ്ക്

17:വിവര സാങ്കേതിക നിയമത്തിലെ എത്രാമത്തെ വകുപ്പാണ് സുപ്രിം കോടതി റദ്ദാക്കിയത്?

A:66 എ

18:ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതിയുടെ ഇപ്പോഴത്തെ അദ്ധ്യക്ഷൻ ആര്?

A:കെ.എം.മാണി

19:ഇസ്രായേൽ പ്രധനമന്ത്രി?

A: ബഞ്ചമിൻ നെതന്യാഹു

20:കേരളം അഗ്രിക്കൾച്ചർ യുണിവേഴ്സിറ്റി സ്ഥിതിചെയ്യുന്നത്?

A:തൃശ്ശൂർ

**അജയ് പ്രകാശ്**

# __Number patterns_____

1: 2,4,6 ,_____,_____,_____

2: 3,6,9 ,_____,_____,_____

3: 4,8,12 ,_____,_____,_____

4: 5,10,15 ,_____,_____,_____

5: 6,12,18 ,_____,_____,_____

6: 7,14,21 ,_____,_____,_____

7: 8,16,24 ,_____,_____,_____

8: 9,18,27,_____,_____,_____

9: 10,20,30 ,_____,_____,_____

10: 11,22,33 ,_____,_____,_____

11: 3,4,5 ,_____,_____,_____

12: 3,5,7,_____,_____,_____

13: 3,7,11,_____,_____,_____

14: 3,8,13 ,_____,_____,_____

15: 3,9,15 ,_____,_____,_____

16:4,6,8 ,_____,_____,_____

17: 4,7,10 ,_____,_____,_____

18: 4,9,14 ,_____,_____,_____

19: 4,10,16 ,_____,_____,_____

20: 8,18,28 ,_____,_____,_____

മുഹമ്മദ് റബീസ്

# ലിറ്റിൽ കൈറ്റ് അംഗങ്ങൾ

## *LITTLE KITES 2018-20*

**ഷഹമിൽ അതുൽ എസ് ആർ ,മുഹമ്മദ് ആദിൽ ,മിർഷാദ് ,മുഹമ്മദ് ബാസിത് ,മിഥുനന്ദ് ,അതുൽ കൃഷ്ണ ,മുഹമ്മദ് നിഹാൽ ,റിഫാന ,നിദ ഫാത്തിമ ,കദീജ ബാസിമ ,സിഗിൽ ,അഭയ് ,സനജ് ,നജ ഷറിൻ ,റിയ ഫാത്തിമ , നാജിയ ,അമൽ ഷ ,സനുജിത് , അനുപ്രിയ**

## *LITTLE KITES 2019-21*

**അഭിനവ് എം എം , അജയ് പ്രകാശ്,സഫ്വാൻ, അറഫാത്ത് ,വൈഷ്ണവ് ,അക്ഷജ് ,സന ഫൈസൽ ,അദീബ ,അഖിൽ കൃഷ്ണ ,അലി റിൻഷാൻ, അഭിനന്ദ് എം എം,ആദിൽഅബൂബക്കർ ,ഷാദിൻ ,റബീസ് ,സാൻവിയ ,ദിയ ഫാത്തിമ ,റിഷാൽ ,അനുദേവ് ,റിഫ ,അമൻ മൂസ,, ഉജ്ജ്വൽ ഷാജി**

## *LITTLE KITES 2019-22*

**ജോബിഷ് എ.എസ്",മുഹമ്മദ് ദിൽഷാൻ ,പാർവണ എസ്.എം,സിഫ നൗറിൻ ,മുഹമ്മദ് അർഷക് ,ഗായത്രി എസ്.ബി,ആദി അമീൻ ഒ.,അമിത്ത് എ.എസ് ,ജയദേവൻ .പി ,ധാനിഷ് ബിൻ ഷെരീഫ് ,ലയ ഷാജു,മിക്ക്ദാദ്.കെ വിസ്മയ എം.എസ് ,മാജിഷ എം,അൻഫ എൻ ,അഭിനന്ദ് ജി.എസ് ,ജന്ന ഫാത്തിമ എസ്.എ,നജ ഫാത്തിമ സി.കെ ,റിനുബ കെ ,ഫിൽദ മുജീബ് പി.സി,അജയ് കെ ,മുഹമ്മദ് സിനാൻ പി**

മാഗസിൻപ്രവർത്തനത്തിന് ഞങ്ങളോട് സഹകരിച്ച കൂട്ടുകാർക്കും ഗുരുനാഥർക്കും കൃതജ്ഞത രേഖപ്പെടുത്തട്ടെ.........

............എഡിറ്റർ

## പദസൂചിക

bio technology........15
devolopment........15
STEPHEN WILLIAM HAWKING്........29
നക്ഷത്ര്........22
പദപ്രശ്നം........31
ഇഷ്ടപാത്രം........5
ഏകആശ്വാസം........5
ജവാൻ ഓഫ് ആർക്ക്........19
ജൈത്രയാത്ര്........35
ദുഃഖിത........11
പദങ്ങൾ........**61**
ബനാന........11
വന്യജീ വി സങ്കേത്........27
സ്റ്റാഫിലോകോക്കസ്........25

